# പ്രതീക്ഷയുടെ
# പൂമൊട്ടുകൾ

വാല്യം 40 ലക്കം ഒക്ടോബർ 2022 വാർഷിക വരിസംഖ്യ ₹100



പ്രോസാങ്ടിറ്റി പബ്ലിക്കേഷൻസ്



’ദൈവത്തിൻ കൃപയാൽ
പൂരിതയാമമ്മേ, സ്വസ്തി നിനക്കെന്നും
കർത്താവീശോ നിന്നുദരെ
മാംസമെടുത്തതുപോലൊരുനാൾ
സ്വർഗ്ഗീയോർശ്ലേം നഗരത്തിൽ
തിരുസഭ ജന്മമെടുത്തീടും
ദൈവത്തിൻ-കൃപയെ വാഴ്ത്തീടാം’.

(പള്ളിക്കൂദാശാക്കാലം, ബുധൻ - എന്ദാനാ)

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

വാല്യം 40 പള്ളിക്കൂദാശ ലക്കം ഒക്ടോബർ 2022

"ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം" (1 തെസ 4,3)

രക്ഷാധികാരി:
**ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**

**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ:
**മല്പാൻ റവ. ഡോ. മാത്യു വെള്ളാനിക്കൽ**

മാനേജിംഗ് എഡിറ്റർ:
**ഫ്ളവറി ചോതിരക്കുന്നേൽ A.O.**

എക്സിക്യൂട്ടീവ് എഡിറ്റർ:
**ഷിനി തെരേസ് മുതുപ്ലാക്കൽ A.O.**

പത്രാധിപസമിതി:
**റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**
**ഡോ. അനു കുരിശുംമൂട്ടിൽ A.O.**
**ജിസ കൂട്ടിയാനിക്കൽ A.O.**
**സിജി കുന്നത്ത് A.O.**

അഡ്വൈസറി ബോർഡ്:
**റവ. ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ**
**റവ. ഫാ. ജോസഫ് പുത്തൻപറമ്പിൽ**
**വിൽസൺ ജോർജ്ജ് അറയ്ക്കൽ** M.A. Mphil

സർക്കുലേഷൻ മാനേജേഴ്സ്:
**ജെനി കഴുന്നടിയിൽ A.O.**
**മിസ്റ്റർ കുര്യൻ മാത്യു ഇല്ലിക്കൽ**
**മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ**

ഫിനാൻസ് മാനേജർ:
**അനിത ആത്രശ്ശേരിയിൽ A.O.**

കവർ ഡിസൈനിംഗ് & ലേഔട്ട്
**ജെ.എസ്. ഗ്രാഫിക്സ്**

**വാർഷിക വരിസംഖ്യ ₹ 100/-**

പ്രിന്റിംഗ്:
**വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം.**
Email: wigipress@gmail.com

**പ്രോസാങ്ടിറ്റി പബ്ളിക്കേഷൻസ്**
**സ്പിരിച്ച്വാലിറ്റി സെന്റർ**
**മാങ്ങാനം പി. ഒ., കോട്ടയം 686 018**
**ഫോൺ: 9497588192, 0481-2578192**
**Email: psmktm@gmail.com**

## ഉള്ളടക്കം

● സ്വർഗം ഒരു ഐതീഹ്യമല്ല 4
● തിരുസ്സഭ: മിശിഹായുടെ മണവാട്ടി 5
● പ്രതീക്ഷയുടെ വസന്തകാലം 7
● പള്ളിക്കൂദാശാക്കാലം: പ്രകാശത്തിന്റെ പുത്രിയായ സഭയോടൊത്ത്... 9
● അസഹിഷ്ണുതയിൽനിന്ന് അനുരഞ്ജനത്തിലേയ്ക്ക് 12
● പകരം വീട്ടരുത് 14
● ചിറകടിച്ചുയരട്ടെ സ്വപ്നങ്ങൾ 17
● സാമുവൽ 18
● സെനക്കിൾ തരംഗം 21
● മോചനം സാധ്യമോ? 22
● നദി പോലൊഴുകാൻ 24
● മരംപോലെ വരമാകാം 26
● ദൈവരാജ്യത്തിൽ പ്രവേശിക്കേണ്ടതിന് 28
● അമ്മയോടൊപ്പം 30



# സ്വർഗം ഒരു ഐതിഹ്യമല്ല

**പ്ര**ബുദ്ധകേരളം 'വളരുക'യാണ്. അതിന്റെ വാർത്തകൾ ധാരാളം... കോടിക്കണക്കിനു രൂപയുടെ മയക്കുമരുന്നുകളുമായി പിടികൂടപ്പെടുന്നവർ, മദ്യത്തിനും മയക്കുമരുന്നിനും അടിമകളായി സുബോധവും ആരോഗ്യവും കർമ്മശേഷിയും നഷ്ടപ്പെടുത്തി, ഒപ്പം മാതാപിതാക്കളുടെയും പ്രിയപ്പെട്ടവരുടെയും സന്തോഷവും സമാധാനവും നഷ്ടപ്പെടുത്തി, സ്വന്തം സുഖംമാത്രം നോക്കി തങ്ങളുടെ കൗമാരവും യുവത്വവുമൊക്കെ 'ആഘോഷ'മാക്കുന്നവർ, ലഹരിക്കുവേണ്ടിയും ലഹരിയുടെ പിൻബലത്തിലും പറയാനാവാത്ത ക്രൂരതകളുടെ പര്യായമാകുന്നവർ, ലഹരിയുടെ മറവിൽ തങ്ങളുടെ രഹസ്യഅജണ്ട പ്രാബല്യത്തിലാക്കാൻ പ്രയത്നിക്കുന്നവർ, എന്തിനേറെ! വ്യക്തിപരമായ നേട്ടങ്ങൾക്കുവേണ്ടിമാത്രമല്ല, സ്വന്തം കുടുംബത്തിന്റെ ഐശ്വര്യത്തിനും സമ്പത്സമൃദ്ധിക്കുവേണ്ടിയും അതിനീചമാംവിധം നരബലി നടത്തുന്നവർവരെ വാർത്തകളിൽ നിറഞ്ഞിരിക്കുന്നു. ഇത്തരം വാർത്തകളെല്ലാം തങ്ങളുടെ റേറ്റിംഗ് കൂട്ടാനായി ആഘോഷമാക്കുന്ന വാർത്താമാധ്യമങ്ങളും കുറവല്ല.

അതെ, പ്രബുദ്ധകേരളം 'വരളുക'യാണ് – സ്നേഹത്തിൽ, സമാധാനത്തിൽ, സത്കൃത്യങ്ങളിൽ, ധാർമ്മികമൂല്യങ്ങളിൽ... മേൽപ്പറഞ്ഞ വാർത്തകളിലെ വ്യക്തികളെല്ലാം വ്യക്തമാക്കുന്ന ഒരു അടിസ്ഥാനകാര്യമുണ്ട്. ഈലോകജീവിതം ആസ്വദിക്കണം. അതിനുവേണ്ടി എന്തുചെയ്യാനും അങ്ങനെയുള്ളവർ തയ്യാറാണ്.

ഇവിടെ സഭാതനയരായ നമുക്ക് വലിയൊരു ഉത്തരവാദിത്വമുണ്ട്. സ്വർഗം ഒരു ഐതിഹ്യമല്ല എന്ന സത്യം നമ്മുടെ ജീവിതത്തിലൂടെ ഉയർത്തിക്കാട്ടാൻ നമുക്കു കഴിയണം. ഇത് പള്ളിക്കൂദാശാക്കാലമാണ്. മിശിഹാ തന്റെ സഭയെ പിതാവായ ദൈവത്തിനു സമർപ്പിക്കുന്നതു ധ്യാനവിഷയമാക്കാനുള്ള കാലം. സ്വർഗത്തെക്കുറിച്ചുള്ള ധ്യാനം ഈലോകജീവിതത്തിന്റെ നശ്വരതയെക്കുറിച്ചും ഇവിടെ പ്രാവർത്തികമാക്കേണ്ട നന്മനിറഞ്ഞ ജീവിതത്തെക്കുറിച്ചുമുള്ള ഒരു ഓർമ്മപ്പെടുത്തലായി മാറട്ടെ.

**ചീഫ് എഡിറ്റർ**



# തിരുസ്സഭ:
## മിശിഹായുടെ മണവാട്ടി

റവ. മല്പാൻ മാത്യു വെള്ളാനിക്കൽ

**യോ**ഹന്നാന്റെ സുവിശേഷത്തിൽ സ്നാപകയോഹന്നാന്റെ ശിഷ്യന്മാരും യഹൂദരും തമ്മിൽ ശുദ്ധീകരണത്തെപ്പറ്റി തർക്കമുണ്ടായെന്നും അതിന്റെ പശ്ചാത്തലം ഈശോയുടെ ശിഷ്യന്മാരും യോഹന്നാന്റെ ശിഷ്യന്മാരും ഒരേ സ്ഥലത്ത് സ്നാനം നൽകിയതായിരുന്നുവെന്നും നാം വായിക്കുന്നുണ്ട് (യോഹ 3,22-30). ഈശോയല്ല അവിടെ സ്നാനം നൽകിയതെന്ന് യോഹന്നാൻ സുവിശേഷകൻ വ്യക്തമാക്കുന്നുണ്ട് (യോഹ 4,1-2). ഏതായാലും യോഹന്നാൻ സ്നാപകന്റെയും ഈശോയുടെയും സ്നാനങ്ങൾ തമ്മിൽ വ്യത്യാസമുണ്ടെന്ന് ഇവിടെ സൂചനയുണ്ട്. സ്നാപകന്റെ സ്നാനം, വെറും ആചാരപരമായ ഒന്നായിരുന്നു. 'അനുതാപത്തിന്റെ സ്നാനം' എന്നാണ് അത് അറിയപ്പെടുന്നത്. ജനങ്ങളെ ഈശോയുടെ വരവിനായി ഒരുക്കുക എന്നതായിരുന്നു ആ സ്നാനത്തിന്റെ ലക്ഷ്യം. ഈശോ തന്റെ സുവിശേഷപ്രഘോഷണം ആരംഭിച്ചതും അനുതാപം അഥവാ മാനസാന്തരം പ്രസംഗിച്ചുകൊണ്ടാണല്ലോ. "യോഹന്നാൻ ബന്ധനസ്ഥനായപ്പോൾ ഈശോ ദൈവത്തിന്റെ സുവിശേഷം പ്രസംഗിച്ചുകൊണ്ട് ഗലീലിയിലേക്കു വന്നു. അവൻ പറഞ്ഞു: സമയം പൂർത്തിയായി, ദൈവരാജ്യം സമീപിച്ചിരിക്കുന്നു. അനുതപിച്ച് സുവിശേഷത്തിൽ വിശ്വസിക്കുവിൻ" (മർക്കോ 1,14-15).

### സഭ: ഈശോയുടെ ശിഷ്യരുടെ സമൂഹം

ചരിത്രപരമായി യോഹന്നാന്റെ ശിഷ്യരും ഈശോയുടെ ശിഷ്യരും തമ്മിൽ മത്സരം ഉണ്ടായതായിട്ടാണ് മനസ്സിലാവുന്നത്. 'ഈശോയുടെ ശിഷ്യർ' എന്നറിയപ്പെടുന്നത് സഭാംഗങ്ങളാണ്. മത്തായിയുടെ സുവിശേഷത്തിൽ ക്രിസ്തീയമാമ്മോദീസാ സ്വീകരിച്ചവർ ഈശോയുടെ ശിഷ്യത്വത്തിലേക്കു പ്രവേശിപ്പിക്കപ്പെട്ടവരായിട്ടാണ് അറിയപ്പെടുന്നത്. ഈശോ ശിഷ്യന്മാരെ സുവിശേഷപ്രഘോഷണത്തിനായി പറഞ്ഞയച്ചത് ഇപ്രകാരമാണ്: "ആകയാൽ നിങ്ങൾ ലോകമെങ്ങും പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്കു മാമ്മോദീസാ നൽകുവിൻ" (മത്താ 28,19-20).

## ഈശോയുടെ ശിഷ്യരും യോഹന്നാന്റെ ശിഷ്യരും

മിശിഹായുടെ ശിഷ്യർക്ക് വെല്ലുവിളി ഉയർത്തിക്കൊണ്ട് അതേസമയം യോഹന്നാന്റെ ശിഷ്യരുടെ ഒരു സമൂഹവും പല സ്ഥലങ്ങളിലും ജീവിച്ചിരുന്നു. ഉദാഹരണത്തിന് പൗലോസ് ശ്ലീഹാ എഫേസോസിൽ ചെന്നപ്പോൾ, "അവിടെ അവൻ ഏതാനും ശിഷ്യരെ കണ്ടു. അവൻ അവരോടു ചോദിച്ചു: നിങ്ങൾ വിശ്വാസികളായിരുന്നപ്പോൾ പരിശുദ്ധാത്മാവിനെ സ്വീകരിച്ചോ? അവർ പറഞ്ഞു: ഇല്ല. പരിശുദ്ധാത്മാവ് എന്നൊന്ന് ഉണ്ടെന്നു ഞങ്ങൾ കേട്ടിട്ടുപോലുമില്ല. അവൻ ചോദിച്ചു: എങ്കിൽ പിന്നെ നിങ്ങൾ എന്തു സ്നാനമാണ് സ്വീകരിച്ചത്? അവർ പറഞ്ഞു: യോഹന്നാന്റെ സ്നാനം. അപ്പോൾ പൗലോസ് പറഞ്ഞു: യോഹന്നാൻ തനിക്കു പിന്നാലെ വരുന്നവനിൽ, അതായത് ഈശോയിൽ വിശ്വസിക്കണമെന്ന് ജനങ്ങളെ ഉദ്ബോധിപ്പിച്ചുകൊണ്ട് അനുതാപത്തിന്റെ സ്നാനമാണ് നൽകിയത്. അവർ ഇതുകേട്ട് കർത്താവായ ഈശോയുടെ നാമത്തിൽ സ്നാനം സ്വീകരിച്ചു" (ശ്ലീഹ 19,1-5).

## യോഹന്നാൻ സ്നാപകന്റെ സാക്ഷ്യം

ഇപ്രകാരമൊരു സാഹചര്യം ഈശോയുടെ കാലത്തുതന്നെ ആരംഭിച്ചിരിക്കണം. അങ്ങനെയുള്ള ഒരു പശ്ചാത്തലത്തിൽ സ്നാപകയോഹന്നാന് ഈശോയെപ്പറ്റി ഒരു പ്രത്യേക രീതിയിൽ സാക്ഷ്യം വഹിക്കേണ്ടിവന്നു. ഇതാണ് യോഹന്നാന്റെ സുവിശേഷത്തിൽ നാം കാണുന്നത്. ഈശോയാണ് മണവാളൻ. അദ്ദേഹത്തോടൊപ്പമാണ് മണവാട്ടി. യോഹന്നാൻ മണവാളന്റെ സുഹൃത്താണ്. സുഹൃത്തിന്റെ ദൗത്യം മണവാളനെയും മണവാട്ടിയെയും മണവറയിൽ ഒരുമിച്ചാക്കുക എന്നതായിരുന്നു. ആ ദൗത്യം പൂർത്തിയാക്കിയാൽ അയാൾ അവിടെനിന്നു അപ്രത്യക്ഷനാകും. അതാണ് യോഹന്നാന്റെ കാര്യത്തിൽ സംഭവിക്കുന്നത്. എല്ലാവരും ഈശോയുടെ പക്കലേക്ക് പോകാൻ തുടങ്ങിയെന്ന് തന്റെ ശിഷ്യന്മാർ തന്നോടു പറഞ്ഞപ്പോൾ അതു നടന്നുകഴിഞ്ഞു എന്ന രീതിയിൽ യോഹന്നാൻ സന്തോഷിക്കുകയാണ്.

## സഭ: സ്വർഗീയമണവറയിൽ പ്രവേശിക്കേണ്ടവൾ

സഭാസമൂഹം സ്വർഗീയമണവറയിൽ മണവാളനായ ഈശോയോടൊത്ത് പ്രവേശിക്കേണ്ടവളാണ്. ആരാധനക്രമത്തിൽ പള്ളിക്കൂദാശാക്കാലം ഈ വസ്തുതയാണ് നമ്മെ അനുസ്മരിപ്പിക്കേണ്ടത്. അതുകൊണ്ട് ക്രൈസ്തവരെന്ന നിലയിൽ നമ്മൾ മിശിഹായുടെ മണവാട്ടിയാണ് എന്ന ബോധ്യത്തോടെ മിശിഹായ്ക്ക് അനുയോജ്യമായവിധം വിശുദ്ധിയിൽ ജീവിക്കുവാൻ വിളിക്കപ്പെട്ടവരാണ്. മിശിഹായുമായുള്ള ഐക്യത്തിലും സ്നേഹത്തിലും ജീവിക്കേണ്ടവരാണ്. സ്നേഹത്തിൽനിന്നുളവാകുന്ന എല്ലാ സുകൃതങ്ങളാലും അലംകൃതരാകേണ്ടവരാണ്. പരിശുദ്ധ കുർബാനയിൽ ഉത്ഥാനഗീതത്തിനു മുമ്പുള്ള പ്രാർത്ഥന നമ്മെ അനുസ്മരിപ്പിക്കുന്നത് ഇതുതന്നെയാണ്: "സ്വർഗത്തിൽനിന്നു പ്രത്യക്ഷനാകുന്ന അങ്ങയുടെ തിരുക്കുമാരനെ സ്വീകരിക്കുവാൻ ഞങ്ങൾക്ക് ഇടയാകട്ടെ. സകലസൗഭാഗ്യങ്ങളും നന്മകളും നിറഞ്ഞ് മുടിചൂടിനിൽക്കുന്ന സഭയിൽ നിരന്തരം അങ്ങയെ സ്തുതിക്കുവാനും മഹത്ത്വപ്പെടുത്തുവാനും ഞങ്ങൾ യോഗ്യരാകട്ടെ". അതുകൊണ്ട് മിശിഹായുടെ മണവാട്ടി എന്നനിലയിൽ സഭാജീവിതം നയിക്കുവാൻ, വിശുദ്ധമായ ജീവിതം നയിക്കുവാൻ, സഭാംഗങ്ങളെല്ലാവരും നിരന്തരമായി പരിശ്രമിച്ചുകൊണ്ടിരിക്കണം.



# പ്രതീക്ഷയുടെ വസന്തകാലം

**ജിസ കൂട്ടിയാനിക്കൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

**ത**ണുപ്പുകാലം ആരംഭിച്ചു. ഇനി അതിശൈത്യം ഉണ്ടാകും. തന്റെ പ്രിയകൂട്ടുകാരായിരുന്ന ഇലകളെല്ലാം തന്നെ വിട്ടുപോകാൻ തയ്യാറാവുകയാണ് എന്ന് ആ കൊച്ചുമരം തിരിച്ചറിഞ്ഞു. അവരുടെയെല്ലാം നിറംമാറി വിവിധ വർണ്ണങ്ങളിൽ അവർ മനോഹരികളായിരിക്കുന്നു. ഈ ശൈത്യകാലത്ത് നിങ്ങൾക്ക് എന്റെകൂടെയായിരുന്നുകൂടെ? അവർ പറഞ്ഞു. ശൈത്യകാലത്തു ഞങ്ങൾ നിന്റെകൂടെയായിരുന്നാൽ അതു നിന്റെ ജീവന് അപകടമാകും. ഞങ്ങൾ ഇപ്പോൾ പോയാൽ വസന്തകാലത്തു വീണ്ടും വരാമല്ലോ?

പള്ളിക്കൂദാശാക്കാലത്തിന്റെ വിശുദ്ധ അനുഭവത്തിലേക്കു നാം പ്രവേശിക്കുകയാണ്. ദിവ്യമണവാളനായ ഈശോ, തന്റെ പ്രിയമണവാട്ടിയായ തിരുസ്സഭയെ കറയും ചുളിവുകളുമില്ലാതെ പരിശുദ്ധയായി തന്റെ പിതാവിനു സമർപ്പിക്കുന്നതിന്റെ മനോഹരമായ ഓർമ്മ.

സ്വയം ശൂന്യനാക്കി തന്റെ തിരുശരീരരക്തങ്ങൾവഴി അവളുടെ പാപങ്ങളും കറകളും കഴുകി വെടിപ്പാക്കിയാണ് അവിടുന്ന് അവളെ ശുദ്ധീകരിക്കുന്നത്. അവൾക്കുവേണ്ടി അവിടുന്നു ശൂന്യനാക്കുന്നു. സഹനങ്ങളെ ഏറ്റുവാങ്ങുന്നു.

അവിടുന്നു സ്വയം ത്യജിച്ചു ശുദ്ധീകരിക്കുന്ന തിരുസഭ, നാമോരുത്തരും ആണ്. അവിടുന്നു സ്വയം ഇല്ലാതായിക്കൊണ്ടു നമ്മെ വിശുദ്ധീകരിക്കാൻ ആഗ്രഹിക്കുന്നു. എന്നാൽ ആധുനികലോകം ഇന്നു നമ്മെ വളരെയധികം സ്വാധീനിച്ചിരിക്കുകയാണ്. ഈശോയുടെ സഹനങ്ങൾക്കും ത്യാഗങ്ങൾക്കും വിലകല്പിക്കാത്ത ലോകം നിത്യജീവനെക്കുറിച്ചു ചിന്തിക്കുന്നു പോലുമില്ല. അതെല്ലാം ഇന്നു പഴങ്കഥകളാണ്.

ആകാശവും ഭൂമിയും മാറ്റപ്പെട്ടാലും മാറ്റം വരാത്ത ദൈവത്തിന്റെ വചനം നമ്മോടു മന്ത്രിക്കുന്നത് ഈ നിത്യജീവനെക്കുറിച്ചാണ്. ഈ ഭൂമിക്കാണു പഴങ്കഥകൾ; സ്വർഗത്തിന് ഒരിക്കലും പഴങ്കഥകളില്ല. എപ്പോഴും വർത്തമാനകാലത്തിലായിരിക്കുന്ന, സ്വർഗമാണ് ഒരു ക്രിസ്ത്യാനിയുടെ പ്രതീക്ഷ. ഈ ലോകത്തിലെ സുഖങ്ങൾക്കും ധനത്തിനും പിറകേ ഓടുന്ന മനുഷ്യന് അവയൊരിക്കലും യഥാർത്ഥ സന്തോഷവും സമാധാനവും നല്കുന്നില്ല. എന്നാൽ, എന്നു നമ്മുടെ കാഴ്ചപ്പാടുകൾ മാറുന്നോ, ഈ ലോകത്തിലെ ജീവിതത്തിനപ്പുറം മറ്റൊരു സൗഭാഗ്യം നമ്മെ കാത്തിരിക്കുന്നു എന്നു ചിന്തിക്കാനാവുന്നോ, അന്നു നമ്മുടെ ജീവിതംതന്നെയും മാറുകയാണ്. അപ്പോൾ സഹനങ്ങൾക്ക് അർത്ഥമുണ്ടാകും, അദ്ധ്വാനത്തിനു മൂല്യമുണ്ടാകും. സമാധാനവും ശാന്തതയും നമ്മുടെ ഹൃദയങ്ങളിലും ജീവിതങ്ങളിലും കുടിയിരിക്കും.

ഈ പള്ളിക്കൂദാശാക്കാലം നമ്മുടെ കാഴ്ചപ്പാടുകളെ മാറ്റാനുള്ള അവസരമാകട്ടെ. ഈശോ പാടുപീഡകൾ സഹിച്ചു രക്തം ചിന്തി നേടിത്തന്ന സ്വർഗീയസൗഭാഗ്യത്തിന്റെ വില മനസ്സിലാക്കാൻ ഈ കാലഘട്ടം നമ്മെ സഹായിക്കട്ടെ. അവിടുത്തെ മുഖാഭിമുഖം കാണുന്ന നമ്മുടെ ജീവിതത്തിലെ യഥാർത്ഥ വസന്തകാലം വരുംവരെ പ്രതീക്ഷയോടും പ്രത്യാശയോടുംകൂടി ഈ ലോകജീവിതത്തിന്റെ ശൈത്യത്തെ നമുക്ക് അഭിമുഖീകരിക്കാം.





## നിന്നെയും വിളിക്കുന്നു.....

- ☞ നിന്റെ സ്നേഹം ആവശ്യമുള്ള ഒരു ലോകത്തിലേക്ക്....
- ☞ വിശുദ്ധിയിലേക്ക് നമ്മെ വിളിച്ചിരിക്കുന്ന ദൈവപിതാവിന്റെ വ്യവസ്ഥയില്ലാത്ത സ്നേഹം വചനാനുഭവത്തിലൂടെ പങ്കുവയ്ക്കുവാൻ....
- ☞ കർമ്മമാർഗ്ഗത്തിലൂടെ ഈശ്വരാനുഭവത്തിലേക്ക് മനുഷ്യമക്കളെ കൂട്ടിക്കൊണ്ടുവരാൻ....

**ഇതാ നിന്റെ മുമ്പിൽ വെല്ലുവിളിയുടെ ഒരു ജീവിതം....**

**Vocation Promoter, Apostolic Oblates, Spirituality Centre**
**Manganam P.O., , Kottayam - 686 018, Ph: 9400573640**



# പള്ളിക്കൂദാശാക്കാലം:
# പ്രകാശത്തിന്റെ പുത്രിയായ സഭയോടൊത്ത്...

സി. ഫ്രാൻസിൻ ചാലയ്ക്കൽ SD

നമ്മുടെ ആരാധനക്രമ ആദ്ധ്യാത്മികജീവിതം ഒരു വത്സരവൃത്തം പൂർത്തിയാക്കാൻ ഒരുങ്ങുമ്പോൾ അവസാനത്തെ കാലമായ പള്ളിക്കൂദാശാക്കാലത്തേക്കു നാം പ്രവേശിക്കുകയാണ്. യുഗാന്ത്യത്തിൽ മിശിഹായിലുള്ള നമ്മുടെ മഹത്ത്വീകരണ രഹസ്യത്തെ ധ്യാനിച്ച്, നാം അനുദിനവും ഏറ്റു പറയുന്നതുപോലെ ശരീരത്തിന്റെ ഉയിർപ്പിലും നിത്യമായ ജീവിതത്തിലുമുള്ള നമ്മുടെ വിശ്വാസവും പ്രത്യാശയും ആഴത്തിൽ ഉറപ്പിക്കാനുള്ള നാലു ആഴ്ചകളാണ് നമുക്കു മുന്നിലുള്ളത്. മണവാളനായ മിശിഹായും മണവാട്ടിയായ സഭയും തമ്മിലുള്ള അഭേദ്യമായ ബന്ധം - അതെ, മിശിഹാ സ്വയം എളിമപ്പെടുത്തിക്കൊണ്ടു സഭയെ തന്റെ മണവാട്ടിയായി ഉയർത്തി. വിശുദ്ധ സ്ലീവായാൽ രക്ഷിക്കപ്പെട്ടതും, ദിവ്യരക്തത്താൽ വീണ്ടെടുക്കപ്പെട്ടതുമായ മഹാരഹസ്യത്തെ ധ്യാനിച്ചു ധ്യാനിച്ചു നിത്യമഹത്ത്വത്തെ സ്വപ്നം കണ്ട് മണവാട്ടിയായ സഭ നിത്യപുരോഹിതനായ മിശിഹായോടുചേർന്നു നിരന്തരബലിയുടെ ജീവിതം നയിക്കുന്നു.

സഭയെ സൂചിപ്പിക്കാൻ ധാരാളം പ്രതീകങ്ങൾ ഉപയോഗിക്കാറുണ്ട്. സഭ മണവാട്ടിയാണ് എന്ന പ്രതീകത്തോടൊപ്പം മറ്റു രണ്ടു സ്ത്രീ പ്രതീകങ്ങൾകൂടി നമ്മുടെ ഓർമ്മയിലേക്കു കൊണ്ടുവരാം. സഭ അമ്മയാണ്; സഭ പുത്രിയാണ് - പ്രകാശത്തിന്റെ പുത്രി. സഭ പ്രകാശ ത്തിന്റെ പുത്രി എന്ന വിശേഷണത്തെക്കുറിച്ചു നമുക്കു വിചിന്തനം ചെയ്യാം. ആദ്യത്തെ നാലു നൂറ്റാണ്ടുകളിൽ ജീവിച്ചിരുന്ന സഭാപിതാക്കന്മാരുടെ രചനകളിലാണ് ഈ വിശേഷണം നാം കാണുന്നത്. മൂന്നാം നൂറ്റാണ്ടിൽ രചിക്കപ്പെട്ടു എന്നു കരുതുന്ന 'തോമായുടെ നടപടികൾ' എന്ന ഗ്രന്ഥത്തിലാണ് ഈ ഒരു വിശേഷണം ആദ്യം രേഖപ്പെടുത്തിയിരിക്കുന്നതായി നാം കാണുക.

"എന്റെ സഭ പ്രകാശത്തിന്റെ പുത്രിയാണ്. അവൾ രാജാവിന്റെ മഹത്ത്വമാണ്. എല്ലാ നന്മപ്രവർത്തികളാലും അവൾ അലംകൃതയാണ്. അവളുടെ വസ്ത്രങ്ങൾ പുഷ്പങ്ങൾ പോലെയാണ്. സുരഭിലവും, മധുപകരുന്നതുമായ പുഷ്പംപോലെ സത്യം കൊണ്ട് തിലകം ചാർത്തി, ആനന്ദത്തിന്റെ തേരിൽ അവൾ യാത്രചെയ്യുന്നു. അവൾ വായ് തുറക്കുന്നത് അവനു സ്തുതിപാടാനാണ്. ആ സ്തുതിഗീതം അവൾ നിശബ്ദതയിൽ ആലപിക്കുന്നു" (തോമായുടെ നടപടിയിൽനിന്ന്).

ഇപ്രകാരം പ്രകാശത്തിന്റെ പുത്രിയായ സഭയുടെ ഗുണഗണങ്ങൾ ഗ്രന്ഥകാരൻ വിവരിക്കുമ്പോൾ ആത്മാവിന്റെ വരദാനങ്ങളാൽ പൂരിതരായി ലോകത്തിൽ മിശിഹായുടെ പരിമളം ആകാനുള്ള ഓരോ ക്രൈസ്തവന്റെയും വിളിയിലേയ്ക്കും നിയോഗങ്ങളിലേയ്ക്കും ഗ്രന്ഥകാരന്റെ വിരൽ ചൂണ്ടപ്പെടുന്നുണ്ട് എന്നു നമുക്കു തിരിച്ചറിയാം.

സഭ പ്രകാശത്തിന്റെ പുത്രി എന്നു പറയുമ്പോൾ നമ്മുടെ ചിന്ത ആദ്യം എത്തിനിൽക്കേ ണ്ടത് ആദിപറുദീസായിലാണ്. "ദൈവം വീണ്ടും അരുളിചെയ്തു: നമുക്കു നമ്മുടെ ഛായ യിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിക്കാം" (ഉല്പ 1,26). "ദൈവമായ കർത്താവ് അരുളിചെയ്തു: മനുഷ്യൻ ഏകനായിരിക്കുന്നതു നന്നല്ല. അവനു ചേർന്ന ഒരു ഇണയെ നല്കും" (ഉല്പ 2,18). സഭാപിതാവായ മാർ അപ്രേമിന്റെ ഉല്പത്തിപുസ്തകവാഖ്യാനത്തി ലൂടെ കടന്നുപോകുമ്പോൾ ഈ വചനങ്ങളുടെ ഉൾപൊരുൾ നമുക്കിങ്ങനെ മനസ്സിലാക്കാം: "നമ്മുക്ക് നമ്മുടെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിക്കാം എന്നു പറയു മ്പോൾ പിതാവും പുത്രനും പരിശുദ്ധറൂഹായുമായ ദൈവം തന്റെ സ്നേഹത്തിലും കൂട്ടാ യ്മയിലും മനുഷ്യനെ സൃഷ്ടിച്ചു. ഏകനായിരിക്കാനല്ല കൂട്ടായ്മയിൽ ആയിരിക്കാൻ അവി ടുന്നവരെ സ്ത്രീയും പുരുഷനുമായി സൃഷ്ടിച്ചു". സഭയെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്ന 'എക്ളേസിയ' എന്ന ഗ്രീക്കുപദത്തിന്റെ അർത്ഥം വിളിച്ചുകൂട്ടപ്പെട്ടവരുടെ സമൂഹം എന്നാണ്. അദം ആദിയിൽ ദൈവം മനുഷ്യനെ ജീവനിലേക്കു വിളിച്ചു. കൂട്ടായ്മയിലേക്കു വിളിച്ചു. ഇങ്ങനെയുള്ള സഭയെ ആണ് സഭാപിതാക്കന്മാർ പ്രകാശത്തിന്റെ പുത്രി എന്ന് വിളിച്ചത്. ഉല്പത്തിപുസ്തകത്തിലെ മറ്റൊരു വചനംകൂടി ചേർത്തുവയ്ക്കുകയാണ്. "സ്ത്രീയും പുരുഷനും നഗ്നരായിരുന്നു. പക്ഷേ അവർക്കു ലജ്ജ അനുഭവപ്പെട്ടില്ല". ലജ്ജ അനുഭവപ്പെ ടാത്ത നഗ്നത. കാരണം അവർ ധരിച്ചിരുന്നത് ദൈവത്തിന്റെ ഛായയാണ്. അവിടുത്തെ ജ്ഞാനം, സ്നേഹം, ശക്തി, സ്വാതന്ത്ര്യം, കൂട്ടായ്മ ഇതെല്ലാം ചേർത്താണ് അവിടുന്നു അവരെ സൃഷ്ടിച്ചത്. പ്രകാശത്തിന്റെ ഈ വസ്ത്രം ധരിച്ചിരുന്ന അവർക്കു നഗ്നത അനുഭ വപ്പെട്ടിരുന്നില്ല. സ്വാതന്ത്ര്യം ദുരുപയോഗിച്ചു മനുഷ്യൻ പാപം ചെയ്തപ്പോൾ നഷ്ടമാ യതും ഈ പ്രകാശത്തിന്റെ വസ്ത്രമാണ്. അപ്പോൾ അവർക്കു തങ്ങൾ നഗ്നരാണെന്ന് അനു

ഭവപ്പെട്ടു. ഉൽപത്തിപുസ്തകം അതു വർണ്ണിച്ചിരിക്കുന്നത് അവർ അത്തിയില തുന്നി നാണം മറക്കാൻ ശ്രമിച്ചു എന്നാണ്. പഴയനിയമത്തിലെ ആ സംഭവത്തെ പുതിയനിയമത്തിൽ ഈശോ അത്തിവൃക്ഷത്തെ ശപിച്ച സംഭവുമായി ബന്ധപ്പെടുത്തി അപ്രേം പിതാവ് വ്യാഖ്യാനിക്കുന്നത് ഇങ്ങനെയാണ്: "ആദം അനുസരണക്കേടു കാണിച്ചു പ്രകാശത്തിന്റെ വസ്ത്രം നഷ്ടപ്പെടുത്തി അത്തിയിലകൊണ്ടു വസ്ത്രം ഉണ്ടാക്കി ധരിച്ചു. ഇതാ ഇവിടെ പ്രകാശമായ മിശിഹാ, ഇനി അത്തിയിലകൊണ്ടുള്ള വസ്ത്രത്തിന്റെ ആവശ്യമില്ല. അതുകൊണ്ട് അവിടുന്നതിനെ ശപിച്ചു കരിച്ചുകളഞ്ഞു".

പ്രകാശത്തിന്റെ പുത്രി പ്രകാശം ഉപേക്ഷിച്ച് അന്ധകാരത്തിന്റെ പുത്രത്വം സ്വീകരിച്ചു. എന്നാൽ പ്രകാശമായ മിശിഹായുടെ ഉദയത്തോടെ അന്ധകാരത്തിൽ കഴിഞ്ഞിരുന്ന ജനം വീണ്ടും പ്രകാശം ദർശിച്ചു. ആദം അനുസരണക്കേടുകൊണ്ടു നഷ്ടമാക്കിയ പ്രകാശത്തിന്റെ വസ്ത്രം നമ്മുടെ കർത്താവ് അനുസരണത്താൽ വീണ്ടെടുത്തു. വീണ്ടും നമുക്ക് അപ്രേം പിതാവിന്റെ മനോഹരമായ മറ്റൊരു വ്യാഖ്യാനത്തിലൂടെ കടന്നുപോകാം. സുവിശേഷം പറയുന്ന രണ്ടു കച്ചകളെ നമുക്കു ധ്യാനിക്കാം. ആദ്യത്തേതു ജനനസമയത്ത് ഈശോയെ പൊതിഞ്ഞ കച്ചയാണ്. "അവൾ തന്റെ കടിഞ്ഞൂൽ പുത്രനു ജന്മം നൽകി. അവനെ പിള്ളക്കച്ചകൊണ്ടു പൊതിഞ്ഞു പുൽത്തൊട്ടിയിൽ കിടത്തി" (ലൂക്കാ 2,7). പ്രകാശത്തിന്റെ വസ്ത്രം ഉപേക്ഷിച്ചു അത്തിയിലകൾക്കൊണ്ട് പൊതിയപ്പെട്ട മനുഷ്യന്റെ അന്ധകാരത്തിന്റെ അവസ്ഥയിലേയ്ക്ക് താണിറങ്ങിയ ദൈവപുത്രൻ. അവൻ പിള്ളക്കച്ചകൊണ്ട് പൊതിയപ്പെടാൻ തിരുമനസ്സായി. അപ്രേം പിതാവ് മറ്റൊരു കച്ചകൂടി ഇതിനോടു ചേർത്തു വ്യാഖ്യാനിക്കുകയാണ്. ഉത്ഥാനത്തിനുശേഷം ഈശോ കല്ലറയിൽ ഉപേക്ഷിച്ച കച്ച; "ശിമയോൻ പത്രോസ് കല്ലറയിൽ പ്രവേശിച്ചു. കച്ച അവിടെ കിടക്കുന്നതും, തലയിൽ കെട്ടിയിരുന്ന തൂവാല കച്ചയോടു കൂടെയല്ലാതെ തനിച്ചൊരിടത്ത് ചുരുട്ടിവച്ചിരിക്കുന്നതും അവൻ കണ്ടു" (യോഹ 20,7). അതെ, ഇനി ഈ ഭൗതിക കച്ചയുടെ ആവശ്യമില്ല. കർത്താവ് തന്റെ പെസഹാരഹസ്യങ്ങളിലൂടെ പ്രകാശത്തിന്റെ വസ്ത്രം സഭയ്ക്ക് വീണ്ടെടുത്ത് നല്കി. അതുകൊണ്ട് അവൻ ഭൗതീകമായ കച്ച കല്ലറയിൽ ഉപേക്ഷിച്ചു. ആദിപറുദീസായിലെ നഗ്നത, ലജ്ജ അനുഭവപ്പെടാത്ത നഗ്നത അതു വീണ്ടും ലഭിച്ചു. കർത്താവ് തന്റെ സഭയെ വീണ്ടും പ്രകാശത്തിന്റെ വസ്ത്രം ധരിപ്പിച്ചു. അവൾ പ്രകാശത്തിന്റെ പുത്രിയായി. പൗലോസ്ശ്ലീഹാ പറയുന്നത് കേൾക്കാം: 'അതുകൊണ്ട് നിങ്ങൾ പുത്രരാണ്'. പുത്രനിലൂടെ ദത്തുപുത്രസ്ഥാനത്തേയ്ക്കു ഉയർത്തപ്പെട്ടവർ, പുത്രനിലൂടെ പിതാവായ ദൈവം വീണ്ടെടുത്ത പുത്രിയാണ് സഭ. അവൾ പുത്രന്റെ മണവാട്ടിയാണ്. ദൈവജനത്തിന് അവൾ ജീവനും പോഷണവും പകരുന്ന അമ്മയാണ്. ഇപ്രകാരം പുത്രിയും മണവാട്ടിയും അമ്മയുമായ സഭയുടെ ജീവിതത്തെ പ്രതിബിംബിപ്പിക്കുന്ന ജീവിതമായി ഓരോ ക്രൈസ്തവന്റെയും ജീവിതം മാറട്ടെ. ഒരു ഭക്തിഗാനത്തിന്റെ ഈരടി ഓർമ്മയിൽ വരുന്നത് കുറിക്കട്ടെ.

ശത്രുതകൾ മറന്നൊന്നുചേരാൻ
കൂട്ടായ്മയിൽ വളർന്നീടാൻ
ഐക്യത്തിൽ ഞങ്ങൾ പുലരാൻ തുണയ്ക്കും
പങ്കുവയ്പനുഭവം നല്കിയാലും.

വചനം ഹൃയത്തിൽ സൂക്ഷിക്കാം: "മനുഷ്യർ നിങ്ങളുടെ സദ്പ്രവൃത്തികൾ കണ്ടു സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്ത്വപ്പെടുത്തേണ്ടതിനു നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ"




# അസഹിഷ്ണുതയിൽനിന്ന് അനുരഞ്ജനത്തിലേയ്ക്ക്

**റവ.ഡോ. തോമസ് വടക്കേൽ**
**പാലാ രൂപത**

നവീകൃതമായ സംവാദത്തിന്റെ പാതകളെക്കുറിച്ച് സംസാരിക്കുമ്പോൾ ഫ്രാൻസിസ് പാപ്പാ വളരെയേറെ ഊന്നൽ നൽകുന്ന രണ്ടു ഘട്ടങ്ങൾ അനുരഞ്ജനവും അനുകമ്പയുമാണ്. അക്രമങ്ങളെക്കുറിച്ചുമാത്രം സംസാരിക്കുന്നവരാകാതെ അനുരഞ്ജനത്തെക്കുറിച്ചുംകൂടി സംസാരിക്കുന്നവരാകണം നമ്മൾ എന്ന് പാപ്പാ ഓർമ്മിപ്പിക്കുന്നുണ്ട്. അനുരഞ്ജനം എന്നത് ദൗർബല്യത്തിന്റെ അടയാളമല്ല; ഗൗരവതരമായ സംവാദത്തിനുള്ള ശേഷിയില്ലായ്മയുമല്ല. മറിച്ച് അതൊരു ശക്തിയാണ് - ക്രിസ്തീയതയുടെ കേന്ദ്രവിഷയങ്ങളുമാണവ.

ഈശോയുടെ പ്രവർത്തനങ്ങളിൽ അസഹിഷ്ണുതയ്ക്കും അക്രമത്തിനും അവിടുന്നു ഒരിക്കലും പ്രോത്സാഹനം നൽകിയിട്ടില്ല. മറ്റുള്ളവരുടെമേൽ അനിയന്ത്രിതമായും അനധികൃതമായും ശക്തി പ്രയോഗിക്കുന്നതിനെതിരെ ഈശോ സംസാരിച്ചിട്ടുപോലുമുണ്ട്: "വിജാതീയരുടെ ഭരണകർത്താക്കൾ അവരുടെമേൽ യജമാനത്വം പുലർത്തുന്നുവെന്നും അവരുടെ പ്രമാണികൾ അവരുടെമേൽ ആധികാരം പ്രയോഗിക്കുന്നുവെന്നും നിങ്ങൾക്കറിയാമല്ലോ. എന്നാൽ നിങ്ങളുടെ ഇടയിൽ അങ്ങനെയാകരുത്" (മത്താ 20,25-26). ക്ഷമയുടെ വഴിയാണ് ഈശോ നമുക്ക് മുൻപിൽ വയ്ക്കുന്നത്: "ഏഴെന്നല്ല, ഏഴ് എഴുപത് പ്രാവശ്യം എന്നു ഞാൻ നിങ്ങളോട് പറയുന്നു" (മത്താ 18,22). സഹോദരനോട് എത്ര പ്രാവശ്യം ക്ഷമിക്കണമെന്നുള്ള പത്രോസിന്റെ ചോദ്യത്തിനുള്ള ഈശോയുടെ ഉത്തരമാണിത്.

ആദിമക്രൈസ്തവസമൂഹത്തിൽ ദൂഷണവും മാർഗഭ്രംശവുമുണ്ടായിരുന്നു. ക്ഷമിക്കാനും, സഹിഷ്ണുതപ്പെടാനും, മനസ്സിലാക്കാനും പലപ്പോഴും അവർ പരാജയപ്പെട്ടിരുന്നു. അക്കാരണ

ത്താലാണ് വിശുദ്ധ പൗലോസ് ശ്ലീഹാ ഇപ്രകാരം പറയുന്നത്: "എതിർക്കുന്നവരെ അവൻ സൗമ്യതയോടെ തിരുത്തണം..." (2 തിമോ 2,25). സൗമ്യത പരാജയത്തിന്റെ അടയാളമല്ല: മറിച്ച് ക്രിസ്തുശിഷ്യന്റെ ഭാവമാണ്.

ജീവിതയാത്രയിൽ പ്രതിസന്ധികളുടെയും പ്രതിബന്ധങ്ങളുടെയും എതിർപ്പുകളുടേയുമൊക്കെ സാഹചര്യത്തിലൂടെ കടന്നുപോകേണ്ടിവന്നാലും, പ്രിയപ്പെട്ടവർ ചിലപ്പോൾ എതിർത്തുനിന്നാലും നമുക്ക് ഉണ്ടായിരിക്കേണ്ട ഭാവം ക്ഷമയുടെയും സഹനത്തിന്റേതുമാണ്. ഈശോ നമ്മെ പഠിപ്പിക്കുന്നത് കലഹിക്കാനല്ല; മറിച്ച് അനിവാര്യമായ സഹനങ്ങളെയും മറ്റുള്ളവരുമായുണ്ടായേക്കാവുന്ന അഭിപ്രായവ്യത്യാസങ്ങളെയും നേരിടാനാണ്. അത് നമ്മുടെ കുടുംബത്തിലും സമൂഹത്തിലും സമാധാനം നിലനിർത്തും. സൗമ്യതയുടെയും സമാധാനത്തിന്റെയും നിലപാടുകളാണ് നമുക്ക് ഉണ്ടാകേണ്ടത്.

നമ്മുടെ അവകാശങ്ങൾ അടിയറവയ്ക്കുന്നതോ, അഴിമതിക്കാരോടുള്ള പോരാട്ടത്തിൽ നിന്നു പിന്മാറുന്നതോ, കുറ്റവാളികളുമായി സന്ധിചെയ്യുന്നതോ, നമ്മുടെ അന്തസിനെ മാനിക്കാത്ത സാഹചര്യങ്ങളുമായി പൊരുത്തപ്പെടുന്നതോ അല്ല അനുരഞ്ജനം. നമ്മളിൽ മറ്റൊരാൾ ഏല്പിക്കുന്ന അടിച്ചമർത്തൽ അവസാനിപ്പിക്കാൻ അയാളെ പ്രേരിപ്പിക്കുന്നതാണ്. അനുരഞ്ജനം. അയാളുടെ ഉള്ളിലെ മനുഷ്യത്വമില്ലായ്മയെ മാറ്റി മാനുഷികത നിറയ്ക്കുന്നതാണ് അനുരഞ്ജനം. അനീതിക്കെതിരെ ജാഗ്രതയോടെ പ്രതിരോധിക്കുന്നതും, നീതി നേടിയെടുക്കാൻ നടപടികൾ സ്വീകരിക്കുന്നതും അനുരഞ്ജനം വിലക്കുന്നില്ല; മറിച്ച് ആവശ്യപ്പെടുന്നുണ്ട്.

സംവാദത്തിന്റെ പാതയിൽ ശ്രദ്ധിക്കേണ്ട മറ്റൊരു കാര്യം 'കോപം വളർത്താതിരിക്കുക' എന്നതാണ്. കോപം നമ്മുടെയും മറ്റുള്ളവരുടെയും അന്തഃകരണത്തിന് നല്ലതല്ല. കോപം മറ്റുള്ളവരെ തകർക്കാൻ നമ്മെ പ്രേരിപ്പിക്കും. ഒപ്പം അത് പ്രതികാരത്തിലേയ്ക്കും നയിക്കും. ഇക്കൂട്ടർക്ക് സമാധാനത്തിലേയ്ക്ക് തിരികെ വരാൻ ഏറെ പ്രയാസവുമായിരിക്കും. കൂടാതെ, ഒരുകൂട്ടം ആൾക്കാരെ ഒരുമിപ്പിച്ച് നിർത്തുന്നത് മറ്റുള്ളവരോടുള്ള പ്രതികാരവും വിദ്വേഷവും പകയുമാണെങ്കിൽ അവർക്ക് സമാധാനമായ ഒരു ഭാവി ഉണ്ടാവുകയില്ല.

അനീതിയുടെയും വിദ്വേഷത്തിന്റെയും അവിശ്വാസത്തിന്റെയും പ്രശ്നങ്ങളിൽനിന്ന് ഉരുത്തിരിഞ്ഞ കയ്പേറിയ പാരമ്പര്യങ്ങളെ മറികടക്കുക അത്ര എളുപ്പമുള്ള ഒരു കാര്യമല്ല. നന്മയോട് ചേർന്ന് തിന്മയെ മറികടക്കുമ്പോൾ മാത്രമേ അത് സാധ്യമാകൂ. അനുരഞ്ജനവും സാഹോദര്യവും സമാധാനവും പരിപോഷിപ്പിക്കുന്ന സാഹചര്യങ്ങൾ വളർത്തണം. മനസ്സിൽ നന്മയുള്ളവർക്കാണ് പ്രതികൂല സാഹചര്യങ്ങളിൽപോലും പിടിച്ച് നിൽക്കുവാൻ സാധിക്കുന്നത്. നിന്ദിക്കപ്പെടുന്ന അവസ്ഥയിൽപോലും പ്രതികാരത്തിന് തുനിയാതെ അവരെ മനസ്സിലാക്കിക്കൊണ്ട് സമാധാനത്തിന്റെ വഴിയിലൂടെ സഞ്ചരിക്കണം. നശിപ്പിക്കുന്ന ഒരു വലിയ അഗ്നിജ്വാലയായി വിദ്വേഷം മാറുന്നതിനുമുമ്പ് നാം അതിനെ കെടുത്തിക്കളയണം - സമാധാനത്തിലൂടെയും അനുരഞ്ജനത്തിലൂടെയും.

പ്രശ്നങ്ങളിൽനിന്നും ഒളിച്ചോടുന്നതല്ല യഥാർത്ഥമായ അനുരഞ്ജനം. പ്രതിസന്ധി സാഹചര്യങ്ങളിൽ മൗനംപാലിക്കാതെ, തുറന്ന മനസ്സോടും, സത്യസന്ധതയോടുംകൂടെ പ്രശ്നപരിഹാരത്തിനായി സംസാരിക്കുന്നതാണ് അനുരഞ്ജനം. വൈരവും പരസ്പരവിദ്വേഷവും ഒഴിവാക്കി സൗഹാർദ്ദപരമായ അന്തരീക്ഷം സൃഷ്ടിച്ചെടുക്കുന്നതാണ് യഥാർത്ഥ അനുരഞ്ജനം.



# പകരം വീട്ടരുത്

വത്സമ്മ മുളവന
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

നമ്മുടെ പ്രാർത്ഥന ഫലദായകമാകണമെങ്കിൽ നാം സഹോദരങ്ങളോടു ക്ഷമിക്കണം. “നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ നിങ്ങൾക്ക് ആരോടെങ്കിലും എന്തെങ്കിലും വിരോധമുണ്ടെങ്കിൽ അതു ക്ഷമിക്കുവിൻ. അപ്പോൾ സ്വർഗത്തിലുള്ള നിങ്ങളുടെ പിതാവു നിങ്ങളുടെ തെറ്റുകൾ ക്ഷമിക്കും” (മർക്കോ 11,25).

ഒരു കഥ വായിച്ചതോർക്കുന്നു. മരിക്കാറായി കിടക്കുന്ന ഒരു വൃദ്ധയുടെ വീട്ടിൽ വൈദികൻ രോഗീലേപനം കൊടുക്കാനായി ചെല്ലുന്നു. അച്ചൻ ചെന്നപ്പോൾ വൃദ്ധ അവശയായി കിടക്കുകയാണ്. രോഗീലേപനം കൊടുക്കുന്നതിനുമുമ്പ് വൈദികൻ ചോദിച്ചു: “അമ്മാമ്മേ, അമ്മാമ്മയ്ക്ക് അവസാനമായി എന്തെങ്കിലും ആഗ്രഹമുണ്ടോ?”

അമ്മാമ്മ പറഞ്ഞു: “ഉണ്ടച്ചോ”.

അച്ചൻ ചോദിച്ചു: “എന്താണത്?”

“മരിക്കുന്നതിനുമുമ്പ് എനിക്ക് ഒരു ‘പേപ്പട്ടി’ ആകണമെന്നാണ് ആഗ്രഹം.”

“പേപ്പട്ടിയോ? അതെന്തിനാണ്?”

“അച്ചോ.. എന്നെ എന്റെ മക്കളും മരുമക്കളും അയൽപക്കത്തുള്ളവരുമായി ഒരുപാടു പേർ ദ്രോഹിച്ചിട്ടുണ്ട്. വേദനിപ്പിച്ചിട്ടുണ്ട്. അവരെയെല്ലാം ഒന്നു കടിക്കണം. അങ്ങനെ അവരോടെല്ലാം പകരം വീട്ടണം.”

അച്ചൻ അതിശയത്തോടെ ചോദിച്ചു: “അപ്പോൾ അമ്മാമ്മ നരകത്തിൽ പോവില്ലേ? സ്വർഗത്തിൽ പോകാനല്ലേ നമ്മൾ ആഗ്രഹിക്കേണ്ടത്? അതല്ലേ നമ്മുടെ ലക്ഷ്യം.”

അമ്മാമ്മ മറുപടി പറഞ്ഞു: "നരകത്തിലും കുറച്ചുപേർ വേണ്ടേ അച്ചോ? ഞാൻ ഏതായാലും നരകത്തിലേ ഉള്ളൂ".

ഇതുപോലെ ഇന്നത്തെ മനുഷ്യൻ സ്ത്രീ പുരുഷ ഭേദമെന്യേ എല്ലാവരും പ്രതികാരദാഹികളാണ്. ആരോടെങ്കിലും വിരോധം ഉണ്ടെങ്കിൽ അവരോടു പകരം വീട്ടിയാലേ സമാധാനമുണ്ടാകുകയുള്ളൂ. സ്വയം നശിച്ചാലും പ്രശ്നമില്ല എന്ന ദുഷ്ടചിന്ത അവരെ ഭരിക്കുന്നു. "ഒരുവൻ ലോകം മുഴുവൻ നേടിയാലും തന്റെ ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ അതുകൊണ്ട് അവന് എന്തു പ്രയോജനം?" എന്ന സുവിശേഷവാക്യത്തിന് അവർ ചെവികൊടുക്കുന്നില്ല (മർക്കോ 8,32).

എല്ലാ ദിവസവും വരുന്ന പത്രവാർത്തകൾ ഇതിനുദാഹരണമാണ്. നിസ്സാരകാര്യങ്ങളാണെങ്കിൽപോലും ഓരോരുത്തരുടെയും വൈരാഗ്യം മറ്റുള്ളവരുടെ ജീവൻ നശിപ്പിക്കുന്നതുവരെ ചെന്നെത്തുന്നു. ഭർത്താവു ഭാര്യയെയും ഭാര്യ ഭർത്താവിനെയും മക്കൾ മാതാപിതാക്കളെയും മാതാപിതാക്കൾ മക്കളെയും കൊല്ലുന്ന അവസ്ഥ. എന്നിട്ടു സ്വയം മരിക്കുന്നു. പകരംവീട്ടൽ പ്രവണത കുട്ടികളുടെ ഇടയിൽപോലും കാണാം. പ്രേമനൈരാശ്യത്തിന്റെ പേരിലുള്ള കൊലപാതകങ്ങളുടെ എണ്ണവും വർദ്ധിച്ചുവരുന്നു. രക്തബന്ധത്തിനുപോലും യാതൊരു വിലയുമില്ല. ആരിൽനിന്നെങ്കിലും എന്തെങ്കിലും ഇഷ്ടക്കേട് ഉണ്ടായാൽ, എന്റെ അഭിപ്രായത്തിന് എതിരായി ആരെങ്കിലും പറഞ്ഞാൽ, അവരെ മൃഗങ്ങളെ കൊല്ലുന്ന ലാഘവത്തോടെ കൊല്ലുവാൻ യാതൊരു വൈമനസ്യവുമില്ല. ക്ഷമിക്കാനും മറക്കാനും ആരും തയ്യാറല്ല.

മനുഷ്യനിന്ന് അക്ഷമയും വിദ്വേഷവും പകയും വാശിയും വൈരാഗ്യവും കോപവും എല്ലാം ഹൃദയത്തിൽ സൂക്ഷിച്ചുവയ്ക്കുന്നു. അവസരം കിട്ടുമ്പോൾ പ്രതികാരം ചെയ്യുന്നു. അപ്പനും അമ്മയ്ക്കും മക്കളോടും മക്കൾക്ക് മാതാപിതാക്കളോടും ഭാര്യയ്ക്കു ഭർത്താവിനോടും ഭർത്താവിനു ഭാര്യയോടും സുഹൃത്തുക്കൾക്ക് പരസ്പരവും യഥാർത്ഥസ്നേഹമില്ല. ആത്മാർത്ഥസ്നേഹം ഉള്ളവർ വിരളമാണ്. സ്വന്തം നേട്ടമാണ് ഓരോരുത്തരുടെയും ലക്ഷ്യം. ദൈവസ്നേഹവും ദൈവഭയവുമെല്ലാം മനുഷ്യനു നഷ്ടപ്പെട്ടിരിക്കുന്നു. ഹൃദയം കഠിനമായിരിക്കുന്നു. ക്ഷമിക്കാത്ത ഭൃത്യന്റെ ഉപമ (മത്താ18,23-35) ക്ഷമയുടെ പരമപ്രാധാന്യം വ്യക്തമാക്കുന്നു. ദൈവത്തിൽനിന്നും പാപമോചനം ലഭിക്കാനുള്ള വ്യവസ്ഥ പരസ്പരം ക്ഷമിക്കുക എന്നതാണ്. നിങ്ങളുടെ കോപം സൂര്യൻ അസ്തമിക്കുന്നതുവരെ നീണ്ടുപോകാതിരിക്കട്ടെ (എഫേ 4,27) എന്നാണ് പൗലോസ്ശ്ലീഹാ പറയുന്നത്.

ഈശോ പഠിപ്പിച്ച കർത്തൃപ്രാർത്ഥന നമ്മെ പഠിപ്പിക്കുന്നത് മറ്റുള്ളവരോടു ക്ഷമിക്കാത്തവർക്കു ദൈവത്തിൽനിന്നും പാപക്ഷമ ലഭിക്കുകയില്ല എന്നാണ്. 'ഞങ്ങളോടു തെറ്റുചെയ്തവരോടു ഞങ്ങൾ ക്ഷമിക്കുന്നതുപോലെ ഞങ്ങളുടെ തെറ്റുകൾ ഞങ്ങളോടും ക്ഷമിക്കണമേ' (മത്താ 6,9-14) എന്നാണല്ലോ പ്രാർത്ഥിക്കുന്നത്. പൗലോസ്ശ്ലീഹാ എഫേസോസുകാർക്കെഴുതിയ ലേഖനം മുപ്പതു മുതൽ മുപ്പത്തിരണ്ടുവരെയുള്ള വാക്കുകളിൽ പറയുന്നതു വളരെ ശ്രദ്ധേയമാണ്. "രക്ഷയുടെ ദിനത്തിനുവേണ്ടി നിങ്ങളെ മുദ്രിതരാക്കിയ ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ വേദനിപ്പിക്കരുത്. സകല വിദ്വേഷവും ക്ഷോഭവും ക്രോധവും അട്ടഹാസവും ദൂഷണവും എല്ലാ തിന്മകളോടുംകൂടെ നിങ്ങൾ ഉപേക്ഷിക്കുവിൻ. ദൈവം മിശിഹാവഴി നിങ്ങളോടു ക്ഷമിച്ചതുപോലെ നിങ്ങളും പരസ്പരം ക്ഷമിച്ചും കരുണകാണിച്ചും ഹൃദയാർദ്രതയോടെ പെരുമാറുവിൻ" (എഫേ 4,30-32). ഓരോ ക്രൈസ്തവനും ഇതു മനസ്സിൽ

പതിക്കേണ്ടതാണ്. രമ്യതയുടെയും ക്ഷമയുടെയും ഏറ്റവും വലിയ പ്രതീകമാണ് കാൽവരിയിലെ കുരിശ്. കുരിശിൽ കിടക്കുന്ന ഈശോ തന്നെ ദ്രോഹിക്കുകയും പീഡിപ്പിക്കുകയും ചെയ്തവർക്കുവേണ്ടി നടത്തുന്ന പ്രാർത്ഥന, "പിതാവേ, അവരോടു ക്ഷമിക്കണമേ. അവർ ചെയ്യുന്നതെന്താണെന്ന് അവർ അറിയുന്നില്ല" (ലൂക്കാ 23,34) എന്നാണ്. ഈ പ്രാർത്ഥന നമുക്കു നമ്മുടെ ശത്രുക്കളോടു ക്ഷമിക്കുവാൻ പ്രചോദനമാകേണ്ടതാണ്.

സ്നേഹത്തിന്റെ ഏറ്റവും വലിയ രഹസ്യമാണു ക്ഷമ. സ്നേഹം ദീർഘക്ഷമയുള്ളതാണ്. ക്ഷമയുടെ ഉറവിടവും നാം ദൈവത്തിലാണു കാണുക. സ്നേഹപിതാവായ ദൈവം ക്ഷമയുടെ മൂർത്തീഭാവമാണെന്നു ലൂക്കാ സുവിശേഷകൻ ധൂർത്തപുത്രന്റെ ഉപമയിലൂടെ നമുക്കു മനസ്സിലാക്കിത്തരുന്നു. മനുഷ്യൻ ചെയ്തുകൂട്ടുന്ന തെറ്റുകളെ മറന്നു മനുഷ്യനെ സ്നേഹിക്കുന്നതാണ് അവിടുത്തെ ക്ഷമ.

പാപംചെയ്തു ദൈവത്തിൽനിന്നും അകന്നുപോയ മനുഷ്യനെ അകറ്റിനിർത്തുന്നതിനോ, ഉപേക്ഷിച്ചുതള്ളുന്നതിനോ ശിക്ഷിക്കുന്നതിനോ പകരം അവനെ രക്ഷിക്കുന്നതിനായി തന്റെ സ്വർഗീയമഹത്ത്വം മാറ്റിവച്ച് മനുഷ്യനാകുന്നതിനും രക്തം ചിന്തി കുരിശിൽ മരിക്കുന്നതിനും ദൈവം തയ്യാറായി. തിന്മയുടെ വഴിയിലൂടെ നശിച്ചുകൊണ്ടിരിക്കുന്ന മനുഷ്യനെ വീണ്ടെടുക്കുന്നതിനായി പുത്രനിലൂടെ വെളിപ്പെടുത്തപ്പെട്ട ദൈവപിതാവിന്റെ സ്നേഹമാണിത്.

ദൈവത്തിന്റെ ക്ഷമ വളരെ വലുതാണ്. അവൻ ഓരോ ദിവസത്തെയും ജനിപ്പിക്കുകയും ദുഷ്ടരുടെയും ശിഷ്ടരുടെയുംമേൽ സൂര്യനെ ഉദിപ്പിക്കുകയും ചെയ്യുന്നു. നീതിമാന്മാരുടെയും നീതിരഹിതരുടെയുംമേൽ ഒരുപോലെ മഴ വർഷിക്കുകയും ചെയ്യുന്നു. തന്നെ തള്ളിപ്പറഞ്ഞവരോടും തന്നെ ഒറ്റിക്കൊടുത്തവരോടും തന്നെ ഉപേക്ഷിച്ച് ഓടിപ്പോയവരോടും നന്ദിഹീനരോടും എല്ലാം അവിടുന്നു ക്ഷമ കാണിച്ചു. തന്നെ പീഡിപ്പിച്ച ആരോടും അവിടുന്നു പകരം വീട്ടിയില്ല.

തിന്മയുടെയും പാപത്തിന്റെയും ചെളിക്കുണ്ടിൽ നിന്നു മനുഷ്യൻ അവസാനം തന്നിലേക്കു തിരിയുമെന്ന് അവിടുന്നു പ്രതീക്ഷിക്കുന്നു. മനുഷ്യന്റെ മർക്കടമുഷ്ടിയോടുകൂടിയ ജീവിതത്തിന് എന്നെങ്കിലും മാറ്റമുണ്ടാകുമെന്നാണ് അവിടുത്തെ വിശ്വാസം. അതിനായി ക്ഷമയോടെ കാത്തിരിക്കണം.

പരിശുദ്ധാത്മാവിന്റെ ദാനങ്ങളിലൊന്നാണു ക്ഷമ. പകരം വീട്ടൽ ആർക്കും ഒരു ഉപകാരവും ചെയ്യുകയില്ല. അത് ഒന്നിനും പരിഹാരമാകുകയില്ല. നമ്മുടെ മനസ്സിന്റെ രൂപീകരണത്തിനു ക്ഷമ എന്ന പുണ്യം ഒഴിച്ചുകൂടാനാവാത്തതാണ്. ക്ഷമയുള്ള മനുഷ്യൻ എല്ലാ പ്രതിസന്ധികളെയും മറ്റുള്ളവരിൽനിന്നുണ്ടാകുന്ന ദ്രോഹങ്ങളെയും സമചിത്തതയോടെ ശാന്തതയോടെ നേരിടും. ദൈവത്തിൽ വിളങ്ങിപ്രശോഭിക്കുന്ന ക്ഷമ എന്ന പുണ്യം നമുക്കു വളർത്തിയെടുക്കാം. അതിനായി പരിശുദ്ധാത്മാവിനോടു പ്രാർത്ഥിക്കാം.

"വലിയൊരു വിലയാലലിവോടെ
നേടിയ മേഷഗണത്തെ നീ
നരകക്കെണികളിൽ വീഴാതെ
നാഥാ, കാത്തു നയിക്കണമേ"

(പള്ളിക്കൂദാശാക്കാലം, ശനി റംശാ, ഓനീസാ ദ്‌വാസർ)



# ചിറകടിച്ചുയരട്ടെ സ്വപ്നങ്ങൾ

**സൗമ്യ കാഞ്ഞിരക്കാട്ട്**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

ഈശോ തന്റെ മണവാട്ടിയായ സഭയെ സ്വർഗത്തിൽ തന്റെ വലതുഭാഗത്ത് ഉപവിഷ്ടയാക്കുന്നതിനെ അനുസ്മരിപ്പിക്കുന്ന പള്ളിക്കൂദാശാക്കാലത്തോടുകൂടി ആരാധനാവത്സര സമാപിക്കുകയാണല്ലോ. തന്റെ സ്നേഹം നമ്മിലേക്ക് ഒഴുക്കുവാൻ തന്റെ സൃഷ്ടികർമ്മത്തിലൂടെ അവിടുന്നു മനുഷ്യനു രൂപം നൽകി. തുടർന്നു പൂർവ്വപിതാക്കന്മാരിലൂടെയും പ്രവാചകന്മാരിലൂടെയും അവസാനം തന്റെ പുത്രനിലൂടെയും അവിടുന്നു നമ്മോടു സംസാരിച്ചു. ഓരോ നിമിഷവും തന്റെ സ്നേഹം നമ്മുടെ കൂടെയുണ്ടെന്നു വെളിപ്പെടുത്തുവാൻ തന്റെ പുത്രനെ നമുക്ക് ബലിയായി നല്കി. ദിവ്യസ്നേഹത്തിന്റെ നീർച്ചാൽ ഒഴുക്കുന്നതിനായി ശിഷ്യന്മാരിലൂടെ സഭയ്ക്കു രൂപംനൽകി. പത്രോസാകുന്ന പാറമേൽ ഉയർത്തിയ സഭയെ ആരാധനാവത്സരത്തിലൂടെയും കൂദാശകൾ, കൂദാശാനുകരണങ്ങൾ, യാമപ്രാർത്ഥനകൾ എന്നിവയിലൂടെയും പരിപാലിച്ചുപോറ്റുന്നു. സ്വർഗപ്രാപ്തി ലഭ്യമാക്കിയുള്ള നമ്മുടെ ജീവിതത്തിന് ശക്തി പകരാനാണ് കൂദാശകളിലൂടെ തന്റെ അനന്തമായ സ്നേഹവുമായി ദൈവം നമ്മിലേയ്ക്ക് കടന്നുവരുന്നത്. കൂദാശകൾ അദൃശ്യമായ പ്രസാദവരത്തെ സൂചിപ്പിക്കുന്ന ദൃശ്യമായ അടയാളങ്ങളാണല്ലോ. കൂദാശകളിലൂടെ ത്രിതൈ്വകദൈവം തന്റെ പ്രസാദവരങ്ങൾ നമ്മിലേയ്ക്കു ചൊരിയുന്നു. ദിവ്യസ്നേഹത്തിന്റെ തണലിൽ ആയിരിക്കുന്ന നാമോരുത്തരും എത്രമാത്രം സഭയോടും കൂദാശാജീവിതത്തോടും ചേർന്നുനിൽക്കണമെന്ന് ഇതു നമ്മെ പഠിപ്പിക്കുന്നു. ദൈവസ്നേഹത്തിന്റെ തണലിലായിരിക്കുന്ന നമുക്ക് അങ്ങനെ ആ സ്നേഹത്തിന്റെ അനന്തവിഹായസിലേയ്ക്കു കുതിച്ചുയരാം.



# സാമുവൽ

**ഷിജി പറപ്പള്ളിയാത്ത്**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

എഫ്രായിം മലനാട്ടിൽ റാമാത്താ എന്ന സ്ഥലത്ത് സൂഫ് വംശജനായ എൽക്കാനായുടെയും ഹന്നായുടെയും മകനാണ് സാമുവൽ. വന്ധ്യയായിരുന്ന ഹന്നായുടെ കണ്ണീരോടുകൂടിയ പ്രാർത്ഥനയ്ക്കു ദൈവം നൽകിയ സമ്മാനമാണവൻ. "ദൈവത്തോടു ചോദിച്ചു വാങ്ങി" എന്ന അർത്ഥമാണ് സാമുവൽ എന്ന പേരിനുള്ളത്. രക്ഷാകരചരിത്രത്തിൽ അവസാനത്തെ ന്യായാധിപനും, പ്രവാചകന്മാരുടെ നിരയിൽ ആദ്യത്തെ വ്യക്തിയുമായി സാമുവൽ നിലകൊള്ളുന്നു.

ജനിക്കുന്നതിനുമുമ്പേ സാമുവൽ ദൈവത്തിനു പ്രതിഷ്ഠിക്കപ്പെട്ടവനായിരുന്നു. അവന്റെ മാതാപിതാക്കൾ ബാലനായ മകനെ ഷീലോയിലെ ആലയത്തിൽ ദൈവത്തിന്റെ പുരോഹിതനായ ഏലിയുടെ പക്കൽ ഏൽപ്പിക്കുന്നു. ഒരു ദേവാലയശുശ്രൂഷിയായി വളർന്ന് ഇസ്രായേലിന്റെ ഉപദേഷ്ടാവും പ്രവാചകനുമായി അവൻ മാറുന്നു. ചണനൂൽകൊണ്ടുള്ള ഒരു വിശേഷവസ്ത്രമാണ് അവൻ ധരിച്ചിരുന്നത്. വർഷംതോറും ബലിയർപ്പിക്കാൻ അവന്റെ മാതാപിതാക്കളെത്തുമ്പോൾ മാതാവായ ഹന്നാ അവനുണ്ടാക്കിക്കൊടുത്തിരുന്നതാണവ.

"ബാലനായ സാമുവൽ കർത്താവിന്റെയും മനുഷ്യരുടെയും പ്രീതിയിൽ വളർന്നുവന്നു" എന്നത്രേ 1 സാമു 2,6 ൽ കാണുക.

അരുളപ്പാടുകൾ വിരളമായിരുന്ന കാലം. ഏലി ഒരു ദിവസം തന്റെ മുറിയിൽ കിടക്കുകയായിരുന്നു. അവന് കാഴ്ച മങ്ങിത്തുടങ്ങിയിരുന്നു. അയാൾക്ക് ഒന്നും വ്യക്തമായി കാണാൻ കഴിഞ്ഞിരുന്നില്ല. കാലത്തിന്റെ നേർക്കാഴ്ചക്കുമുമ്പിൽ മിഴിപൂട്ടി നിന്ന പുരോഹിതൻ! എന്നാൽ ദൈവത്തിന്റെ മുമ്പിലെ ദീപം അണഞ്ഞിരുന്നില്ല. കർത്തൃസന്നിധിയിൽ ജാഗ്രതയുടെ പ്രതീകമെന്നവണ്ണം അണയാത്ത ദീപമായി സാമുവൽ (1 സാമു 3,1). അന്ധകാരത്തിൽ ആശ്വാസമേകുന്ന മൺചിരാതാകുവാൻ ഓരോ വ്യക്തിയ്ക്കും ദൈവം നിയോഗം കുറിച്ചിട്ടുണ്ട്. അന്ന് കൊച്ചുസാമുവലിനും ഈ കാലഘട്ടത്തിൽ നിനക്കുമാവാം ഊഴം. കർത്താവിന്റെ പേടകം സ്ഥിതിചെയ്യുന്നതിനരികെ കിടന്നുറങ്ങിയ സാമുവലിനെ കർത്താവ് വിളിച്ചു: "സാമുവൽ! സാമുവൽ! അവൻ വിളികേട്ടു: ഞാൻ ഇതാ!" ദൈവവിളിയ്ക്ക് ഉത്തരമരുളുന്ന സാമുവലിന്റെ ആദ്യവാക്കുകൾ! കാഴ്ചയും ഉൾക്കാഴ്ചയും ആത്മീയവഴിയിൽ ദൈവകരം പിടിക്കാൻ ആവശ്യമാണെന്നു സ്വജനത്തെ അറിയിക്കുവാൻ സാമുവൽ തിരഞ്ഞെടുക്കപ്പെടുന്നു. ദൈവതിരുമനസ്സിനു നേരെ നിരന്തരം കാതോർക്കുന്ന വ്യക്തിയാണ് സാമുവൽ (1 സാമു 3,10). യാഥാർത്ഥ്യങ്ങളെ പതറാത്ത മനസ്സോടെ കാണുവാനും വെളിപ്പെടുത്താനും അവൻ തയ്യാറുകുന്നു. പുരോഹിതനായ ഏലിയുടെ കുടുംബത്തിന്റെ തെറ്റുകൾ തുറന്നുകാട്ടാനും മടിക്കാത്തവൻ!

ശ്രവിക്കുന്നവനാണ് പ്രത്യുത്തരിക്കാൻ കെൽപ്പുള്ളവനെന്നു സാമുവൽ തിരിച്ചറിവു നൽകുന്നു. "സാമുവൽ വളർന്നുവന്നു. കർത്താവ് അവനോടുകൂടെയുണ്ടായിരുന്നു. അവന്റെ വാക്കുകളിലൊന്നും വ്യർത്ഥമാകാൻ അവിടുന്ന് ഇടവരുത്തിയില്ല" (1 സാമു 3,19). നശിച്ചുകൊണ്ടിരുന്ന ഇസ്രായേൽജനത്തെ പുനരുദ്ധരിക്കാൻ വിളിക്കപ്പെട്ട ന്യായാധിപനാണ് സാമുവൽ. പ്രാർത്ഥനയാലും ഉപദേശത്താലും തന്റെ ജനത്തെ പിതാക്കന്മാരുടെ വിശ്വാസത്തിലേയ്ക്കു തിരികെ വിളിച്ച് പുത്തനുണർവ്വും ഉന്മേഷവും അവൻ അവരിൽ നിവേശിപ്പിച്ചു. മിസ്പായിൽവച്ചാണ് സാമുവൽ ഇസ്രായേൽജനത്തിനുള്ള ന്യായപാലനം തുടങ്ങിയത്. ഫിലിസ്ത്യരുടെ ഇടയിൽ നിന്ന് ദൈവത്തിന്റെ പേടകം തിരികെപ്പിടിക്കാനും, ഇസ്രായേൽക്കാരെ കർത്താവിങ്കലേയ്ക്കു തിരികെവിളിക്കാനും സാമുവൽ നിർണ്ണായകമായ പങ്കുവഹിച്ചു (1 സാമു 7,1-6). കർത്താവിന്റെ നിയമമനുസരിച്ചാണ് അവൻ സമൂഹത്തിൽ ന്യായപാലനം നടത്തിയത്. "അരുൾച്ചെയ്താലും അങ്ങയുടെ ദാസനിതാ ശ്രവിക്കുന്നു" - കർത്താവിനേറ്റം പ്രിയങ്കരനായവന്റെ വാക്കുകളായിരുന്നു ഇത്. "വിശ്വസ്തത നിമിത്തം അവൻ പ്രവാചകനാണെന്നു തെളിഞ്ഞു; വാക്കുകളിലൂടെ വിശ്വാസ്യനായ ദീർഘദർശിയായി അറിയപ്പെടുകയും ചെയ്തു. ശത്രുക്കളെല്ലാവശത്തുനിന്നും ഞെരുക്കിയപ്പോൾ അവൻ ശക്തനായ കർത്താവിനെ വിളിച്ചപേക്ഷിക്കുകയും മുലകുടി

**"അങ്ങയുടെ കാരുണ്യം ആകാശത്തോളവും അങ്ങയുടെ വിശ്വസ്തത മേഘങ്ങളോളവും വലുതാണ്. കർത്താവേ ഞാൻ എന്നും അങ്ങയുടെ കാരുണ്യം പ്രകീർത്തിക്കും; എന്റെ അധരങ്ങൾ തലമുറകളോട് അങ്ങയുടെ വിശ്വസ്തത പ്രഘോഷിക്കും" (സങ്കീ 89,1).**

ക്കുന്ന ആട്ടിൻകുട്ടിയെ ബലിയർപ്പിക്കുകയും ചെയ്തു. അപ്പോൾ കർത്താവ് ആകാശത്തിൽ ഇടിമുഴക്കി; അവിടുത്തെ ശബ്ദം ശക്തമായി മുഴങ്ങി. ടയിറിലെ ജനനേതാക്കളെയും ഫിലിസ്ത്യാഭരണാധികാരികളെയും അവിടുന്നു നിർമ്മാർജ്ജനം ചെയ്തു" (പ്രഭാ 46,15-19).

തങ്ങൾക്ക് ഒരു രാജാവിനെ വേണമെന്ന ഇസ്രായേൽ ജനത്തിന്റെ ആവശ്യപ്രകാരം സാവൂളിന്റെയും, അവൻ ദൈവപ്രീതിയ്ക്ക് അപ്രീതനായപ്പോൾ ദാവീദ് രാജാവിനെയും സാമുവൽ അഭിഷേകം ചെയ്തുകൊടുത്തു. സാമുവലിന്റെ ജീവിതശുദ്ധിയും നിയോഗശുദ്ധിയും വെളിപ്പെടുത്തുന്നതാണ് 1 സാമുവൽ 12-ാം അദ്ധ്യായം. "നിത്യനിദ്രയ്ക്ക് മുമ്പായി സാമുവൽ, കർത്താവിന്റെയും അവിടുത്തെ അഭിഷിക്തന്റെയും മുമ്പിൽ ജനത്തെ സാക്ഷി നിർത്തി വിളിച്ചുപറഞ്ഞു: ഞാൻ ആരുടെയും സ്വത്ത് കയ്യേറിയിട്ടില്ല; ഒരു ജോടി ചെരുപ്പു പോലും എടുത്തിട്ടില്ല. ആരും അവനിൽ കുറ്റം ആരോപിച്ചില്ല. നിദ്രപ്രാപിച്ചതിനുശേഷം പോലും അവൻ പ്രവചിച്ചു; രാജാവിനെ അവന്റെ മരണം മുൻകൂട്ടി അറിയിച്ചു; ജനത്തിന്റെ ദുഷ്ടത മായിച്ചുകളയാൻ മണ്ണിൽനിന്ന് അവൻ സ്വരമുയർത്തി പ്രവചിച്ചു" (പ്രഭാ 46,19-20). വൃദ്ധനായി തന്റെ ദൗത്യം വിശ്വസ്തതയോടെ നിർവ്വഹിച്ചശേഷം സമയത്തിന്റെ തികവിൽ സാമുവൽ മരിച്ചു. റാമായിലുള്ള സ്വന്തം ഭവനത്തിൽ അദ്ദേഹത്തെ സംസ്കരിച്ചു (1 സാമു 24,1).

തെറ്റുചെയ്താലും സാന്ത്വനിപ്പിച്ച് ചേർത്ത് നിർത്തുന്ന പിതൃഹൃദയത്തിന്റെ ഉടമയായിരുന്നു സാമുവൽ. അദ്ദേഹം ജനത്തോട് പറയുന്നത് ഇപ്രകാരമാണ് "ഭയപ്പെടേണ്ട, നിങ്ങൾ ഈ തിന്മകളെല്ലാം ചെയ്തു. എന്നാലും, കർത്താവിനെ അനുഗമിക്കുന്നതിൽനിന്ന് പിൻമാറരുത്. പൂർണ്ണഹൃദയത്തോടെ അവിടുത്തെ സേവിക്കുവിൻ. നിങ്ങൾക്ക് ഉപകരിക്കാത്തതും നിങ്ങളെ രക്ഷിക്കാൻ കഴിവില്ലാത്തതുമായ കാര്യങ്ങളിലേയ്ക്ക് നിങ്ങൾ തിരിയരുത്; അവ വ്യർത്ഥങ്ങളാണ്" (1 സാമു 12,20-21). അവിശ്വസ്തത അറിയാത്ത ഹൃദയത്തോടുകൂടിയ കർത്താവിൽനിന്നു പിന്തിരിഞ്ഞു പോകാത്ത അനേകം ന്യായാധിപന്മാരുടെ സ്മരണയിൽ സാമുവലും ഇടം നേടി.

## സാമുവൽ വിരൽ ചൂണ്ടുന്നവ

* ദൈവസാന്നിധ്യത്തിന്റെ തണലിൽ ദൈവസ്വരത്തിനായി കാത്തിരിക്കുക.
* "അരുൾച്ചെയ്താലും, അങ്ങയുടെ ദാസൻ ശ്രവിക്കുന്നു" ജാഗ്രതയുടെ ജീവിതശൈലി ആർജ്ജിച്ചെടുക്കുക.
* ദൈവസന്നിധിയിലെ അണയാത്ത ദീപമെന്നപോലെ യാഥാർത്ഥ്യങ്ങളോട് ദൈവികമായി പ്രതികരിക്കുക.
* പ്രശസ്തരാകുന്നതിനേക്കാൾ മരണംവരെ വിശ്വസ്തരാകാൻ ശ്രമിക്കുക.
* കർത്താവ് ജീവിതത്തിൽ ചെയ്ത മഹാകാര്യങ്ങൾ സ്മരിക്കുക (1 സാമു 12,24)

# സെനക്കിൽ തരംഗം

## സന്ദേശം

മിശിഹായിൽ പ്രിയപ്പെട്ട വൈദികസഹോദരരേ,

ആരാധനാവത്സരത്തിലെ പള്ളിക്കൂദാശാക്കാലത്തിലേക്കു നാം പ്രവേശിക്കുകയാണല്ലോ. മിശിഹായുടെ മണവാട്ടിയായ സഭ തന്റെ മക്കളോടൊപ്പം മണവാളനായ മിശിഹായെ മുഖാഭിമുഖം ദർശിക്കുന്ന സൗഭാഗ്യത്തെ അനുസ്മരിക്കുന്ന കാലഘട്ടമാണല്ലോ ഇത്. അപ്രകാരം സ്വർഗീയസൗഭാഗ്യത്തിലേയ്ക്കു പ്രവേശിക്കുവാൻ യോഗ്യരാകത്തക്കവിധം സകലനന്മകളും നിറഞ്ഞ് മുടിചൂടിനില്ക്കുന്ന സഭയായി നാം തീരണമെന്നു കുർബാനയിലെ ഉത്ഥാനഗീതത്തിനു മുമ്പുള്ള പ്രാർത്ഥന നമ്മെ അനുസ്മരിപ്പിക്കുന്നുണ്ട്. അപ്രകാരം സഭയെ സുകൃതങ്ങളാൽ അലങ്കരിക്കുവാനുള്ള ദൗത്യം നമുക്കുണ്ടെന്നു പൗരോഹിത്യസ്വീകരണ സമയത്തുള്ള പ്രാർത്ഥന നമ്മെ ഓർമ്മിപ്പിക്കുന്നുമുണ്ട്. ഈ വസ്തുതയിൽ വിശ്വാസികളെ ബോധവത്ക്കരിച്ചുകൊണ്ട് അജപാലനശുശ്രൂഷ നിർവ്വഹിക്കുവാൻ നമുക്കു സാധിക്കട്ടെ. പ്രാർത്ഥനാശംസകളോടെ,

**മല്പാൻ മാത്യു വെള്ളാനിക്കൽ**
ജനറൽ മേജർ ഫാദർ

## വാർത്തകൾ

2022 ആഗസ്റ്റ് 22 മുതൽ 26 വരെ റോമിൽവച്ചു നടന്ന ജനറൽ അസംബ്ലിയിൽ, അപ്പസ്തോലിക് സൊദാലെസ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ജനറൽ മേജർ ഫാദറായി, മാൾട്ടായിൽനിന്നുള്ള ബഹു. ഡോൺ തർച്ചീസിയോ കമില്ലേരി അച്ചനെ തിരഞ്ഞെടുത്തു. ഇന്ത്യയിലെ നാഷണൽ മേജർ ഫാദറായി ബഹു. തോമസ് തെക്കേമുറി അച്ചനെ നിയമിക്കുകയും ചെയ്തു. രണ്ടുപേർക്കും അനുമോദനങ്ങളും ആശംസകളും!

സെനക്കിൾ വൈദികകൂട്ടായ്മയിൽ പങ്കുചേരുവാൻ താല്പര്യമുള്ളവർ, *സെനക്കിൾ തരംഗം, സ്പിരിച്ച്വാലിറ്റി സെന്റർ, മാങ്ങാനം പി.ഒ., കോട്ടയം-686 018* എന്ന വിലാസത്തിൽ ബന്ധപ്പെടുക.



# മോചനം സാധ്യമോ?

റെനി പുത്തേട്ട്
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

ഇരുപത്താറുവയസ്സുകാരനായ ഗോഗുൽ. മെലിഞ്ഞ് ഒട്ടിയ ശരീരം, പ്രതീക്ഷ നഷ്ടപ്പെട്ട കണ്ണുകൾ, നിരാശ വിളിച്ചോതുന്ന, പാറിപറന്ന് കിടക്കുന്ന നീണ്ട മുടിയിഴകൾ, ചിരിക്കാനുള്ള ശ്രമം പരാജയപ്പെട്ടുപോകുന്ന നനവില്ലാത്ത ചുണ്ടുകൾ. മാതാപിതാക്കളോടൊപ്പം കൗൺസിലിങ് മുറിയിലേക്കു കടന്നുവന്ന ഈ യുവാവിനെ കണ്ടപ്പോൾ എന്റെ നെഞ്ച് ഒന്നു പിടഞ്ഞു. അവന്റെ ഇപ്പോഴത്തെ അവസ്ഥയെക്കുറിച്ചു പോലീസ് ഉദ്യോഗസ്ഥനായ പിതാവു മുൻകൂട്ടി കാര്യങ്ങൾ സൂചിപ്പിച്ചിരുന്നതുകൊണ്ട്, അവനെ തനിച്ചിരുത്തി ഏറെ വാത്സല്യത്തോടും കരുതലോടും സ്നേഹത്തോടുംകൂടി കാര്യങ്ങൾ തിരക്കി.

ഏകദേശം ഒന്നരമണിക്കൂർ നീണ്ടുനിന്ന അവന്റെ സംസാരത്തിനൊടുവിൽ എനിക്കു മനസ്സിലായി. തന്റെ രക്തം ഊറ്റിക്കുടിച്ചു തന്റെ ജീവിതത്തിന്റെ എല്ലാ മേഖലകളെയും തരിശാക്കിക്കൊണ്ടിരിക്കുന്ന മയക്കുമരുന്നിന്റെ കിരാതഹസ്തത്തിൽനിന്നും രക്ഷിക്കണേ എന്ന ഒരു നിലവിളിയാണ് ആ യുവാവിൽനിന്നും ഉയിരുന്നത് എന്ന്. അവന്റെ പത്തുവർഷത്തെ

ഞെട്ടിപ്പിക്കുന്ന ജീവിതകഥ കേട്ടുകൊണ്ടിരുന്ന എനിക്കു പേരിട്ടുവിളിക്കാനറിയാത്ത ഒരു ലോകത്തിലായതുപോലെ തോന്നി. അവൻ നിറഞ്ഞ കണ്ണുകളോടെ ഹൃദയം പൊട്ടുന്ന വേദനയോടെ എന്നോടു പറഞ്ഞു: മാഡം എന്നെ രക്ഷിച്ചു, എനിക്ക് ഇനി ജീവിക്കണം, എന്നെ നശിപ്പിച്ചവരുടെ മുൻപിൽ എനിക്ക് ജീവിച്ച് കാണിച്ചുകൊടുക്കണം.

തുടർന്നു നടന്ന കൗൺസിലിങ്ങിന്റെയും തെറാപ്പികളുടെയും ഒക്കെ വെളിച്ചത്തിൽ തന്റെ പത്തു വർഷത്തെ മയക്കുമരുന്ന് ഉപയോഗം പൂർണ്ണമായി അവൻ ഉപേക്ഷിച്ചു. തന്റെ പഴയ സുഹൃത്തുക്കളെയും മറ്റും ഒഴിവാക്കാനായി ഗോഗുൽ താനുപയോഗിച്ചിരുന്ന ഫോണും സിമ്മും മാറ്റി എടുത്തു.

ഇവിടെ എന്നെ ഏറെ അതിശയിപ്പിച്ചത് പത്തു വർഷം തനിക്കു തോന്നിയപോലെ നടന്ന് സമ്പത്തും ആരോഗ്യവും അഭിമാനവും നഷ്ടപ്പെടുത്തി തന്റെ പ്രിയപ്പെട്ടവർക്കു മനഃപ്രയാസവും മാനഹാനിയും മാത്രം വച്ചുനീട്ടിയ ഗോഗുലിനെ എല്ലാം മറന്ന് അശ്ലേഷിച്ചു ചേർത്തുനിർത്തുന്ന, സ്നേഹത്തിൽ ധൂർത്തു കാട്ടിയ അവന്റെ മാതാപിതാക്കളുടെ മനോഭാവമാണ്. തങ്ങൾ ജന്മം കൊടുത്ത കുഞ്ഞിനെ രക്ഷിക്കാനായി അവസാനശ്വാസം വരെ നിലകൊള്ളേണ്ടതു തങ്ങളുടെ കടമയാണെന്നു പറഞ്ഞ ആ അമ്മയോട് ഇതുവരെ ആരോടും തോന്നാത്ത ഒരാദരവു തോന്നി.

ഗോഗുലിനെ സംബന്ധിച്ച് പുതുജീവിതത്തിലേക്കുള്ള തിരിച്ചുവരവ് അത്ര എളുപ്പമായിരുന്നില്ല. കാരണം, ഇതിനുമുൻപ് രണ്ടു പ്രാവശ്യം ഡീഅഡിക്ഷൻ സെന്ററിൽ പ്രവേശിപ്പിക്കപ്പെട്ടപ്പോഴും ലഹരിയില്ലാതെ തനിക്ക് ജീവിക്കാനാവില്ല എന്ന തിരിച്ചറിവിൽ തെരുവിലേക്കു തിരിച്ചിറങ്ങിയവനാണ് ഈ ഗോഗുൽ. എന്നാൽ ഇന്ന് അവന്റെ വ്യക്തിപരമായ ഉറച്ച തീരുമാനവും മാതാപിതാക്കളുടെ അതിശയിപ്പിക്കുന്ന സ്നേഹവും കരുതലും കരുണയുംകൊണ്ടു ഗോഗുൽ ഒരു പുതുജീവിതത്തിനു തുടക്കംകുറിച്ചിരിക്കുന്നു. ഈ സംഭവത്തിൽ എനിക്കു നിങ്ങളോടു പങ്കുവയ്ക്കാനുള്ള സന്തോഷകരമായ, അഭിമാനകരമായ ഒരു സംഗതിയുണ്ട്. കൗൺസിലിങ് റൂമിൽ എന്റെ മേശപ്പുറത്ത് വച്ചിരുന്ന ഒരു ഗ്രന്ഥം അവൻ ചോദിച്ചു വാങ്ങി. കാരണം ഈ ഗ്രന്ഥത്തിൽ നിന്നു ഞാൻ ഇടയ്ക്കൊക്കെ നൽകിയിരുന്ന ഉദ്ധരണികളാണ് അവന് ഏറെ ജീവൻ പകർന്നതത്രേ. പരിശുദ്ധ ബൈബിളായിരുന്നു ഈ ഗ്രന്ഥം. പരിശുദ്ധ ബൈബിൾ അവന്റെ ജീവിതത്തിൽ വരുത്തിയ മാറ്റമാണ് പിന്നീട് എനിക്കു കാണുവാൻ കഴിഞ്ഞത്. ഈ ദിവസങ്ങളിൽ അവൻ എന്നോടു പറഞ്ഞു "മാഡം അന്ന് എനിക്കു നൽകിയ ബൈബിൾ ഞാൻ വായിച്ചുതുടങ്ങിയപ്പോൾ മുതൽ ഒരു കാര്യം എനിക്കു വ്യക്തമായി. ഇതുവരെ ഞാൻ കഴിച്ച ഒരു മരുന്നിനും തരാൻ കഴിയാത്ത ഒരു സൗഖ്യം എന്റെ മനസ്സിലും ഹൃദയത്തിലും ശരീരത്തിലും ഞാൻ ഇന്ന് അനുഭവിക്കുന്നു".

ഗോഗുൽ എന്ന അക്രൈസ്തവയുവാവിനെ, തന്റെ പത്തു വർഷത്തെ കുത്തഴിഞ്ഞ ജീവിതത്തെ പ്രത്യാശയും പ്രതീക്ഷയുമുള്ള ഒരു പുതുജന്മമാക്കി മാറ്റാൻ പ്രാപ്തനാക്കിയ പരിശുദ്ധ ബൈബിൾ എത്രയോ വർഷമായി സ്വന്തമായി സൂക്ഷിക്കുന്നവരാണ് ഞാനും നിങ്ങളും. ഇനിയെങ്കിലും ഈ ലോകത്തിലെ തീർത്ഥാടകരായ നമുക്ക് ഈ വചനം പാദങ്ങൾക്കു വിളക്കും വഴികളിൽ പ്രകാശവുമായിതീർന്നിരുന്നുവെങ്കിൽ സഭയോടൊത്തുള്ള നമ്മുടെ ജീവിതയാത്ര എത്രയോ അർത്ഥപൂർണമായേനെ!



# നദി പോലൊഴുകാൻ

**മെർലിറ്റ് അഞ്ചാനിക്കൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

"നിങ്ങൾ ദൈവത്തോട് എത്രമാത്രം ഐക്യപ്പെട്ടിരിക്കുന്നുവോ അത്രമാത്രം നിങ്ങൾ അതിസ്വഭാവികതയുടെ ഉപകരണങ്ങളായിരിക്കും" (ദൈവദാസൻ വില്യം ജകബീന്താ).

സ്വന്തം ജീവിതത്തിൽ അനുഭവിക്കാത്ത ദൈവസ്നേഹം മറ്റുള്ളവരുമായി പങ്കുവയ്ക്കാൻ നമുക്കൊരിക്കലും സാധിക്കില്ല. ആഴമായ ദൈവാനുഭവം ഓരോ വ്യക്തിക്കും ആവശ്യമാണ്. "ഇനി ഞാനല്ല, മിശിഹാ എന്നിൽ ജീവിക്കുന്നു" (ഗലാ 2,20) എന്നു പറയാൻ തക്കവിധം ദൈവവുമായി ഒന്നുചേർന്നിരിക്കുന്ന വ്യക്തികൾക്കുമാത്രമേ ദൈവസ്നേഹത്തിന്റെ അനുഭവം മറ്റു വ്യക്തികൾക്കു നൽകുവാൻ സാധിക്കൂ. ലോകത്തിൽ ഈശോയ്ക്കു സാക്ഷ്യം വഹിക്കുവാനുള്ള ധൈര്യവും ശക്തിയും നമുക്കുണ്ടാവണം. നന്മ മാത്രമായ ദൈവത്തിന്റെ സ്നേഹം ഇടതടവില്ലാതെ മറ്റുള്ളവരിലേക്ക് ഒഴുക്കുവാനുള്ള ആവശ്യബോധം ഓരോ ക്രൈസ്തവനും ഉണ്ടാവണം.

"പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു" (യോഹ 20,21) എന്നുപറഞ്ഞ് ഈശോ നമ്മെ ലോകത്തിലേക്ക് അയച്ചെങ്കിൽ അവിടുത്തെ സ്നേഹത്തിന്റെ പ്രവർത്തികൾ ചെയ്യുവാനുള്ള കൃപയും ശക്തിയും അവിടുന്നുതന്നെ നമുക്കു തരുമെന്ന ആഴമേറിയ വിശ്വാസം നമുക്കുണ്ടായിരിക്കണം. ദൈവം നമ്മിൽ പലവിധത്തിലുള്ള കഴിവുകൾ നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ അതു നമ്മുടെമാത്രം നേട്ടങ്ങൾക്കുവേണ്ടി ഉപയോഗിക്കുന്ന ഒരു ശൈലി ആകരുത് നമുക്കുണ്ടാവേണ്ടത്. ജീവിതവിശുദ്ധിയുടെ പിൻബലം ഇല്ലെങ്കിൽ

നമ്മുടെ പ്രവർത്തനങ്ങൾക്കൊന്നും മറ്റുള്ളവരെ ദൈവത്തിലേയ്ക്കു നയിക്കുവാൻ കഴിയില്ല എന്നു നാം ഓർക്കണം. 'നമ്മൾ വിശുദ്ധരല്ലെങ്കിൽ നമ്മുടെ വാക്കുകൾ ആധുനികലോകത്തെ സ്പർശിക്കുകയില്ല' എന്നു വി. പോൾ ആറാമൻ പാപ്പാ പറയുന്നു.

ദൈവവുമായുള്ള നമ്മുടെ ബന്ധത്തിന്റെ തീവ്രതയ്ക്ക് അനുസൃതമായിരിക്കും വിശുദ്ധമായ ഒരു സാന്നിദ്ധ്യം ലോകത്തിനു കൊടുക്കാൻ നമുക്കു സാധിക്കുക. ക്രൈസ്തവർ ദൈവസ്നേഹത്തിന്റെ ആൾരൂപമായിരിക്കണം. അതിസ്വഭാവികമായ ദൈവസ്നേഹത്തിന്റെ പ്രവർത്തനങ്ങൾ നാം ആയിരിക്കുന്ന സഭയുടെ പ്രവർത്തനങ്ങളായിട്ടാണ് നിർവ്വഹിക്കപ്പെടേണ്ടത്. സഭയെ പ്രതിനിധീകരിച്ച് ആയിരിക്കണം ലോകത്തിന്റെ ഹൃദയത്തിൽ നാം നിലകൊള്ളേണ്ടത്. സഭയിൽ ആത്മീയജീവിതത്തിന്റെ അടിസ്ഥാനം കണ്ടെത്തുന്ന വിശ്വസ്തരായ സഭാമക്കളായിരിക്കണം നമ്മൾ. ഈശോയാണ് നമ്മുടെ പ്രേഷിതപ്രവർത്തനങ്ങളുടെയെല്ലാം മാതൃക.

സ്നേഹം അപരനിലേയ്ക്കു നിറഞ്ഞു കവിയുന്നതാണ്. അതു ദൈവരാജ്യത്തിൽ ചെന്നെത്തുന്നു. സ്നേഹത്തിന്റെ ഭാഷയ്ക്കു ലോകത്തെ കീഴടക്കാൻ ശക്തിയുണ്ട്. സ്നേഹമില്ലാത്തിടത്തു വിള്ളലുകൾ, തകർച്ചകൾ, ഭിന്നതകൾ, വിഭാഗീയതകൾ മുതലായവ ജന്മമെടുക്കുന്നു. സ്വർഗത്തിലെ ദൈവത്തിന്റെ സ്നേഹത്തിന്റെ സ്വഭാവമെന്തെന്ന് ഈശോയിലൂടെ ഭൂമിയ്ക്കു വെളിപ്പെടുത്തിയത് ആ സ്നേഹം സ്വർഗത്തിലേയ്ക്കും നമ്മിലൂടെ തുടരുവാൻ ദൈവം ആഗ്രഹിച്ചതുകൊണ്ടാണ്. സ്നേഹത്തിൽ കൊടുക്കൽ വാങ്ങലിന്റെ ഒരു നിയമമുണ്ട്. പരസ്പരം നൽകുന്ന, സമർപ്പിക്കുന്ന, മനസ്സിലാക്കുന്ന, തിരുത്തുന്ന, അംഗീകരിക്കുന്ന ഒരു നിയമം. ദൈവത്തിൽനിന്നും നാം സ്വീകരിക്കുന്ന സ്നേഹവും കാരുണ്യവും പരിപാലനയും നന്മയും അനുഗ്രഹങ്ങളുമെല്ലാം നമ്മിലൂടെ അപരനിലേയ്ക്കും എത്തിനിൽക്കണം. എന്തെല്ലാം ത്യാഗങ്ങൾ സഹിക്കേണ്ടിവന്നാലും സത്യമാകുന്ന ദൈവത്തെ ജീവിതംകൊണ്ടു പകർന്നുകൊടുക്കുന്നതിൽ വിമുഖരായിരിക്കുവാൻ പാടില്ല.

നമ്മെ സ്നേഹിക്കുന്ന വ്യക്തികൾക്കുവേണ്ടി എന്തു ത്യാഗവും ചെയ്യാൻ നാം സന്നദ്ധരാകും. എന്തു തിരികെ കിട്ടും എന്ന ചോദ്യം ആത്മാർത്ഥ സ്നേഹത്തിന്റെ പരിധിയിലില്ല. സമയം, കഴിവ്, ആരോഗ്യം, സ്നേഹം, സമ്പാദ്യം ഇവയൊക്കെ പങ്കുവയ്ക്കാനുള്ളതാണ്. കെട്ടിനിൽക്കുന്ന വെള്ളം കുറച്ചുകഴിയുമ്പോൾ മലിനമാകുന്നതുപോലെ സ്വയം ഒതുക്കിനിർത്തുന്ന സ്നേഹം സ്വാർത്ഥതയുടെ അഴുക്കുകൾ നിറഞ്ഞതായിത്തീരും. അതിനാൽ നാം അനുഭവിക്കുന്ന ദൈവസ്നേഹം നിരന്തരമായി ഒഴുകുവാൻ നാം അനുവദിക്കണം. അതു മറ്റുള്ളവരിലേയ്ക്ക് നിർഗമിച്ച്, നാം ജീവിക്കുന്ന ലോകത്തെ നനയ്ക്കുന്ന ജീവജലമായി പരിണമിക്കണം. അങ്ങനെ ഈ ഭൂമിയിൽത്തന്നെ ദൈവത്തിന്റെ രാജ്യം സംജാതമാകുന്ന, പരസ്പരം സ്നേഹിച്ചും സ്വയം ദാനമായിത്തീർന്നും വിശുദ്ധിയുള്ള ഒരു ലോകം പടുത്തുയർത്തി സ്വർഗ്ഗത്തിന്റെ വാതിൽ തുറക്കുന്നവരായിത്തീരാൻ നമുക്കു പരിശ്രമിക്കാം, അതിനായി പ്രാർത്ഥിക്കാം.



# മരംപോലെ വരമാകാം

**സാബി കോഴിക്കോട്**

**തെ**ക്കേതിലെ മറിയാമ്മച്ചേടത്തിക്ക് തൊട്ടപ്പുറത്തെ വീട്ടിലെ അമ്മിണിച്ചേടത്തിയെ കണ്ണിനുകണ്ടുകൂടാ. ഓരോ ദിവസവും എന്തെങ്കിലുമൊക്കെ കാരണങ്ങൾ കണ്ടെത്തി വഴക്കുണ്ടാക്കും. ഒരു ദിവസം വില്ലനായത് അതിരിലെ മരങ്ങളാണ്. അമ്മിണിച്ചേടത്തിയുടെ പറമ്പിൽ വിളഞ്ഞുനിൽക്കുന്ന പ്ലാവും മാവും ആഞ്ഞിലിയുമൊക്കെ മറിയാമ്മച്ചേടത്തിക്കു ചോലയാണത്രേ! എരമ്പിറക്കിയിട്ടും മതിവരാതെ മറിയാമ്മച്ചേടത്തി അതിന്റെയൊക്കെ കടയ്ക്കൽ കോടാലി വെപ്പിച്ചു. എന്തോ മഹാകാര്യം ചെയ്തതിന്റെ ആനന്ദം അധികനാളത്തേക്കൊന്നും ഉണ്ടായില്ല. വെയിലിനു മൂപ്പുകൂടിവന്ന് പെരയ്ക്കകത്ത് ഇരിക്കാൻ മേലാത്ത അവസ്ഥ ഉണ്ടായപ്പോഴാണ് അമ്മിണിച്ചേടത്തിയുടെ മരങ്ങൾ ചോലയല്ല. തണലും കുളിരുമായിരുന്നുവെന്ന നഗ്നസത്യം മറിയാമ്മച്ചേടത്തിക്കു മനസ്സിലായത്. പോയബുദ്ധി ആനപിടിച്ചാൽ കിട്ടില്ലല്ലോ!

സങ്കടത്തോടെ മരച്ചോട്ടിൽ പോയിരുന്ന മറിയാമ്മച്ചേടത്തി അറിയാതെ പറഞ്ഞു: 'മരം ഒരു വരം.' അതുകേട്ട മരം മറുപടി പറഞ്ഞു: 'ഞാൻ ഒരു വരമാണു ചേടത്തീ, പ്രകൃതിക്കു ദൈവം നൽകിയ വലിയ ഒരു വരം. പക്ഷേ എന്റെ വിലയെന്തെന്ന് ആരും അറിയുന്നില്ല എന്നതാണ് സങ്കടകരമായ കാര്യം.' 'എന്റെ മരമേ, നിന്റെ പൊണ്ണത്തടിയും പൊക്കവുമൊക്കെ

കണ്ടപ്പോൾ നീയൊരു ശല്യമാണെന്നു ഞാനങ്ങു കരുതിപ്പോയി. ഇല വിരിച്ചുനിൽക്കുന്ന നിന്റെ തണലിൽ എന്റെ പൂച്ചെടികളൊന്നും വളരുന്നില്ലല്ലോ എന്നോർത്താ.....' മറിയാമ്മച്ചേട ത്തിയുടെ കണ്ഠമിടറി. 'എന്റെ മരമേ നീയെനിക്ക് ആരായിരുന്നുവെന്ന് ഇപ്പോഴാ മനസ്സിലാ വുന്നത്. അയൽപക്കത്തെ പറമ്പിൽ നിന്ന നീ എനിക്കും തണലായിരുന്നുവല്ലോ...' 'അതെ ചേടത്തീ, മരങ്ങൾക്കു മാത്രമല്ല മനുഷ്യർക്കും തണലാകാം. സ്വന്തം വീടിനും കുടുംബത്തിനും അയൽക്കാർക്കും ആവശ്യമുള്ളവർക്കൊക്കെ താങ്ങും തണലുമാകണം. അതിനുവേണ്ടി യാണ് ദൈവം മനുഷ്യനെ ഒരു സാമൂഹ്യജീവിയായി സൃഷ്ടിച്ചിരിക്കുന്നത്. പരസ്പരം ആശ്ര യിക്കാതെ, പരസ്പരം സഹായിക്കാതെ ഒരു മനുഷ്യനും ഒറ്റയ്ക്കു ജീവിക്കാനാവില്ല. രണ്ടു കൈയ്യും ഒടിഞ്ഞാൽ ഭക്ഷണം, കഴിക്കാൻപോലും അപരൻ കനിയണ്ടേ?'

ശരിയാണ്, മറിയാമ്മച്ചേടത്തി ആത്മഗതം ചെയ്തു. പൊരിവെയിലത്ത് വലഞ്ഞുവരുന്ന മനുഷ്യന് മരത്തിന്റെ തണൽ എന്തൊരാശ്വാസമാണ്! ആർക്കും അതിന്റെ ചുവട്ടിലിരിക്കാം. വെട്ടാൻ വരുന്നവരും, വെള്ളമെഴിക്കുന്നവനും- മരം എതിർക്കാതെ തണൽ നൽകും, പഴങ്ങൾ നൽകും; ഫ്രീയായി തന്നെ. മരത്തിനു പരാതിയില്ല, പരിഭവമില്ല. പരാതിയില്ലാത്ത ജീവിതം എത്ര മനോഹരമായിരിക്കും!

'പക്ഷേ മനുഷ്യർ നിന്നെ വെട്ടിനശിപ്പിക്കുന്നല്ലോ?' ചേടത്തിയുടെ സങ്കടത്തെ വക ഞ്ഞുമാറ്റി മരം പറഞ്ഞു: 'ഞാൻ തണൽ നൽകുക മാത്രമല്ല എന്റെ ദൗത്യം. ആവശ്യക്കാരെ ഞാൻ ഒരിക്കലും വെറും കൈയോടെ പറഞ്ഞയക്കില്ല. എന്നെക്കൊണ്ടാവുന്ന ഉപകാരം ചെയ്യാകാതിരിക്കുകയുമില്ല. തണൽ വേണ്ടവർക്കു തണൽ, പഴം വേണ്ടവർക്ക് പഴം, വിറക്, ചുള്ളിക്കമ്പ്, തടി.... തീർന്നില്ല അഴുകിയ ഇല പോലും കിട്ടന്ന ചാരം പോലും ഉപകാരപ്ര ദമാണ്. മറിയാമ്മച്ചേടത്തി തീരുമാനിച്ചു. എന്നാലാവുന്ന ഒരു കാര്യവും ഞാൻ ആർക്കും നിഷേധിക്കുകയില്ല. പിറുപിറുപ്പും പരിഭവവും ഒക്കെ ഒഴിവാക്കി ചെയ്യാനാവുന്നതു സന്തോ ഷത്തോടെ ചെയ്യും.'

മറിയാമ്മച്ചേടത്തി അങ്ങനെ നല്ല തീരുമാനങ്ങളൊക്കെ എടുത്തിരിക്കുമ്പോഴാണ് കൊ ച്ചുമകൻ തോമസുകുട്ടി കാറിപ്പൊളിച്ചുകൊണ്ട് ഓടിവരുന്നത്. കയ്യിലുള്ള ചെറിയവടി ഒടിച്ചു നുറുക്കി കഷണങ്ങളാക്കി അതിന്റെ ഓരോ കഷണത്തെയും ശകാരിച്ചുകൊണ്ടാണ് ആശാന്റെ വരവ്. കാര്യം മനസ്സിലായ ചേടത്തി അവനെ ചേർത്തുപിടിച്ചു ചോദിച്ചു: 'എന്തിനാ അമ്മ തല്ലിയേ?' 'ചേട്ടായിയെ തൊഴിച്ചതിന്... ചേട്ടായി എന്നേം തൊഴിച്ചിട്ടാ....' 'സാരമില്ല....' മറി യാമ്മച്ചേടത്തി മുഴുമിപ്പിക്കാൻ അനുവദിക്കാതെ അവൻ ഇടയ്ക്കുകയറി പറഞ്ഞു: 'എനിക്കു നല്ലോണം വേദനിച്ചു. ഈ മരമെല്ലാം വെട്ടിക്കളയാൻ ഞാൻ പപ്പയോടു പറയും.' ചേടത്തി ഏറുകണ്ണിട്ടു മരത്തെ നോക്കി. ഒരു പുഞ്ചിരിയോടെ മരം പറഞ്ഞു: 'തല്ലുന്നതു തൽക്കാല ത്തേക്കേ വേദനിപ്പിക്കൂ... പക്ഷേ തിരുത്തുന്നത് ആത്മാവിനു നിത്യകാലത്തേക്കു ഗുണം ചെയ്യും. അതുകൊണ്ടു തിരുത്താൻ മടിക്കേണ്ട. മാതാപിതാക്കൾക്കും, മുതിർന്നവർക്കും, തലതൊട്ടപ്പനും, കടമയുണ്ട്. തെറ്റുചെയ്യുന്നവരെ നന്മയിലേക്കു കൊണ്ടുവരാൻ മടിക്കുന്ന വർ ദൈവത്തിനു കണക്കുകൊടുക്കേണ്ടി വരും.'

മറിയാമ്മച്ചേടത്തി തോമസുകുട്ടിയെ അരികിലെത്തി പറഞ്ഞു: 'മരമൊന്നും വെട്ടണ്ട. അമ്മ, മോൻ നല്ല കുട്ടിയാവാനല്ലേ അമ്മ അടിച്ചത്... ചേട്ടായിയെ തൊഴിച്ചില്ലായിരുന്നുവെ ങ്കിൽ അമ്മ അടിക്കുമായിരുന്നോ?' കൊച്ചുമകന്റെ കൈപിടിച്ചു നടന്നുനീങ്ങവേ ചേടത്തി ഉള്ളിൽ പറഞ്ഞു: 'ഒരു അനുഗ്രഹമാകും ഞാൻ, കൂടെയുള്ളവർക്കും കുടുംബക്കാർക്കും വീട്ടുകാർക്കും നാട്ടുകാർക്കും എല്ലാം.'



# ദൈവരാജ്യത്തിൽ പ്രവേശിക്കേണ്ടതിന്

സ്റ്റെഫി മംഗലത്തുകുന്നേൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

**"എ**ന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ, വരുവിൻ. ലോകസ്ഥാപനം മുതൽ നിങ്ങൾക്കായി സജ്ജമാക്കിയിരിക്കുന്ന രാജ്യം അവകാശപ്പെടുത്തുവിൻ" (മത്താ 25,34) എന്ന വാക്കുകൾ കേട്ട് സ്വർഗ്ഗീയമണവറയിലേക്കു നാം പ്രവേശിക്കുന്നതിന്റെ സന്തോഷത്തെ അനുസ്മരിപ്പിക്കുന്ന പള്ളിക്കൂദാശാക്കാലം... സ്നേഹം തന്നെയായ ദൈവവും സകലമാലാഖമാരും വിശുദ്ധരും ചേർന്ന, സന്തോഷം മാത്രമുള്ള സ്വർഗ്ഗരാജ്യം. കണ്ണുകണ്ടിട്ടില്ലാത്ത, കാതുകേട്ടിട്ടില്ലാത്ത, മനുഷ്യഹൃദയം ആസ്വദിച്ചിട്ടില്ലാത്ത അനുഭവം...

അതെ, ഓരോ മനുഷ്യവ്യക്തിയുടെയും ജീവിതം സഫലമാകുന്നത് മേൽ പറഞ്ഞ വാക്യം അവനോടായി പറയപ്പെടുമ്പോൾ മാത്രമാണ്. അതുകൊണ്ട് സ്വർഗ്ഗീയമണവറ പ്രവേശനത്തിന്റെ അവാച്യമായ ആനന്ദത്തെക്കുറിച്ചു വർണ്ണിക്കുന്നതോടൊപ്പംതന്നെ ഈ ആനന്ദം സ്വന്തമാക്കാൻ വേണ്ടതു താൻ ചെയ്യുന്നുണ്ടോ എന്ന് ഓരോ വ്യക്തിയും വിലയിരുത്തണം.

"ദൈവരാജ്യം നിങ്ങളിൽതന്നെ" (ലൂക്കാ 17,21) എന്നു പറഞ്ഞ ഈശോതന്നെ വീണ്ടും നമ്മോടു പറഞ്ഞു: "ബലവാന്മാർ അതു പിടിച്ചടക്കുന്നു" (ലൂക്കാ 11,12). എന്തു ബലമാണ് ഈശോ ഇവിടെ വിവക്ഷിക്കുക! എനിക്കത് ഉണ്ടോ! ജീവിതത്തിന്റെ തിരക്കുകളിൽ നിന്നെല്ലാം ഒഴിഞ്ഞ് കുറച്ചുസമയം ശാന്തമായി ഇരുന്ന് ഒന്നു ചിന്തിക്കാം. എന്തെന്നാൽ ആ ജീവിതം അനശ്വരമാണ്. അതു സ്വന്തമാക്കാനാവാതെ വന്നാൽ ഈ നശ്വരജീവിതത്തിൽ നാം നേടിയതൊക്കെയും നിഷ്ഫലമാകും.

പള്ളിക്കൂദാശാക്കാലത്തിന്റെ ധ്യാനവിഷയമായി തിരുസഭാമാതാവു നമുക്കു തരുന്നതൊക്കെയും സഭയെക്കുറിച്ചുള്ള ധ്യാനചിന്തകളാണ്. മണവാട്ടിയായ സഭയെ മണവാളനായ മിശിഹായ്ക്കു പ്രതിഷ്ഠിക്കുന്നതിനെയാണല്ലോ ഈ കാലത്തിൽ നാം പ്രത്യേകമായി ധ്യാനിക്കുക. നാമോരുത്തരും മിശിഹായുടെ മൗതികശരീരമായ ഈ തിരുസഭയുടെ അവയവങ്ങളാണെന്നത് അതുകൊണ്ട് സ്വർഗ്ഗീയ മണവറയിൽ പ്രവേശിക്കുവാനുള്ള യോഗ്യത ഓരോരുത്തരും വ്യക്തിപരമായിത്തന്നെ സ്വന്തമാക്കേണ്ടതുണ്ട്.

ആരാധനക്രമത്തിലെ ഏറ്റവും ചെറിയ ഈ കാലമായ പള്ളിക്കൂദാശാക്കാലത്തിലെ അവസാന ഞായറാഴ്ചയാണ് മിശിഹായുടെ രാജത്വതിരുനാൾ നാം ആഘോഷിക്കുന്നത്. വീടുകളുടെ കട്ടിളപ്പടികളിൽ 'ഈശോ ഈ കുടുംബത്തിന്റെ നാഥൻ, രാജാവ്, രക്ഷകൻ' എന്നൊക്കെ എഴുതിവയ്ക്കുന്ന ഒരു ശൈലി കുറെയാളുകൾക്കുണ്ടായിരുന്നു. ഈ ശൈലി വെറും എഴുത്തിൽ മാത്രമാകാതെ ഈശോയെ സ്വന്തം കുടുംബത്തിന്റെ രാജാവും രക്ഷകനുമായി ഏറ്റുപറയുവാൻ, ഈശോ സ്വന്തം ജീവിതത്തിന്റെ രാജാവാണ് എന്ന നിലയിൽ ജീവിക്കുവാൻ കഴിയുന്നുണ്ടോ എന്നതാണു ചോദ്യം.

ഈശോയെ ജീവിതത്തിന്റെ രാജാവായി സ്വീകരിച്ചവർ ഈശോയ്ക്ക് ഇഷ്ടമുള്ളതുപോലെ ജീവിതം ക്രമീകരിക്കും. പരിശുദ്ധ കുർബ്ബാനയിലും കുടുംബപ്രാർത്ഥനയിലും താത്പര്യത്തോടെയുള്ള ഭാഗഭാഗിത്വം, തിരുസഭയുടെ പ്രബോധനങ്ങളോടുള്ള സ്നേഹപൂർണമായ അനുസരണം, ജോലികാര്യങ്ങളിലുള്ള വിശ്വസ്തതയും സത്യസന്ധതയും, അയൽക്കാരനോടുള്ള സഹവർത്തിത്വം, ശത്രുവിനോടുപോലുമുള്ള സൗമ്യമായ പെരുമാറ്റം ഇതൊക്കെ ഈശോ ഭരിക്കുന്ന വ്യക്തിയുടെയും കുടുംബത്തിന്റെയും ജീവിതത്തെ വ്യതിരിക്തമാക്കുന്ന അടയാളമാണ്. ഇതിലേതിനെങ്കിലുമൊക്കെ കുറവു വരുമ്പോൾത്തന്നെ അവിടെ ഈശോയല്ല ഭരണം നടത്തുന്നതെന്നു മനസ്സിലാക്കി തിരിച്ചുനടക്കാനാവണം.

സാക്ഷ്യം എപ്പോഴും ജീവിതംകൊണ്ടാവണം. എങ്കിലേ അതിനു മൂല്യമുണ്ടാകൂ. കൈയിലും കഴുത്തിലും ജപമാല അണിഞ്ഞതുകൊണ്ടുമാത്രമായില്ല, പ്രാർത്ഥനാചൈതന്യം ഹൃദയത്തിലുണ്ടോ എന്നതാണ് പ്രസക്തം. ഉപവാസവും പ്രാർത്ഥനയുമൊക്കെ മറ്റുള്ളവരെ കാണിക്കാൻ വേണ്ടിയാവരുത് എന്ന് മലയിലെ പ്രസംഗത്തിൽ ഈശോ വ്യക്തമായി പറഞ്ഞിട്ടുണ്ട്. സ്വന്തം ജീവിതത്തിൽ മാറ്റം വരുത്താത്ത പ്രാർത്ഥനയും പരിത്യാഗവും ശരീരത്തെ ക്ഷീണിപ്പിക്കുന്നതിലുപരി മറ്റൊന്നിനും ഉപകരിക്കുന്നില്ല. എന്നും പള്ളിയിൽ പോകുന്നതും പ്രാർത്ഥിക്കുന്നതും മാത്രമല്ല ക്രിസ്ത്യാനിയുടെ ലക്ഷണം. ഒരു ക്രിസ്ത്യാനിയെ അവന്റെ ജീവിതശൈലികൊണ്ടാണ് അപരൻ തിരിച്ചറിയേണ്ടത്. ഈശോ പറഞ്ഞിട്ടുണ്ടല്ലോ: "നിങ്ങൾക്കു പരസ്പരം സ്നേഹമുണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാരാണെന്ന് അതുമൂലം എല്ലാവരും അറിയും" (യോഹ 13,35) എന്ന്.

ഒന്നാമതെത്താൻ എല്ലാവരും മത്സരിക്കുന്ന ഈ കാലത്തിൽ അല്പംപോലും പിന്നോട്ടു മാറാതെ സ്നേഹത്തിൽ ഒന്നാമതെത്താൻ, സ്വർഗരാജ്യത്തിൽ പ്രഥമസ്ഥാനം സ്വന്തമാക്കാൻ നമുക്കു പരിശ്രമിക്കാം. ദൈവമാണ് എന്റെ ജീവിതത്തിന്റെ രാജാവെന്നും എല്ലാറ്റിലും ഉപരിയായി ഞാൻ ദൈവത്തെ സ്നേഹിക്കുന്നുവെന്നും സ്വന്തം ജീവിതം കൊണ്ടു സാക്ഷ്യപ്പെടുത്താനും അങ്ങനെ സ്വർഗ്ഗരാജ്യം സ്വന്തമാക്കാനും നമുക്കു ബലപ്രയോഗം നടത്താം.



# അമ്മയ്ക്കൊപ്പം അനുഗ്രഹവഴിയെ

അനു മരിയ പുതുശ്ശേരി

**ഒന്നാം ദിവ്യരഹസ്യം:**

സ്വർഗ്ഗത്തിലേയ്ക്കു മാലാഖമാരാൽ സംവഹിക്കപ്പെട്ട പരിശുദ്ധ മറിയത്തെ നമുക്കു ധ്യാനിക്കാം.

സ്വർഗത്തിലായിരുന്നുകൊണ്ടു മാലാഖമാരൊപ്പം ദൈവത്തിനു സ്തുതികൾ അർപ്പിക്കുന്ന അമ്മേ, അമ്മയെപ്പോലെ ദൈവത്തെ സ്തുതിക്കാനും സ്വർഗവാസികളോടുചേർന്നു സന്തോഷിക്കാനും ആനന്ദിക്കുവാനുമുള്ള കൃപ അങ്ങേ തിരുക്കുമാരനിൽനിന്നു ഞങ്ങൾക്കും വാങ്ങിത്തരണമെ. 1 സ്വർഗ, 10 നന്മ, 1 ത്രിത്വ.

**രണ്ടാം ദിവ്യരഹസ്യം:**

സഭയുടെ അമ്മയായ പരിശുദ്ധ മറിയത്തെ നമുക്കു ധ്യാനിക്കാം.

സമാധാനത്തിന്റെ രാജ്ഞിയായ അമ്മേ, സഭയുടെ അമ്മയായ നിന്നോടു ചേർന്നുനിന്ന് അനുദിനം സഭയ്ക്കുവേണ്ടി പ്രാർത്ഥിക്കാനും സഭയോടുചേർന്നു നില്ക്കാനുമുള്ള കൃപ അങ്ങേ തിരുക്കുമാരനിൽനിന്നു ഞങ്ങൾക്കു വാങ്ങിത്തരണമെ. 1 സ്വർഗ, 10 നന്മ, 1 ത്രിത്വ.

**മൂന്നാം ദിവ്യരഹസ്യം:**

പിശാചിന്റെ തല തകർത്ത പരിശുദ്ധ മറിയത്തെ നമുക്കു ധ്യാനിക്കാം.

പാപത്തിന്റെ കറ തുടച്ചുനീക്കിയ രണ്ടാം ഹവ്വയായ അമ്മേ, ഞങ്ങളും അമ്മയെപ്പോലെ തിന്മക്കെതിരെ പോരാടികൊണ്ട് മറ്റുള്ളവർക്ക് നന്മചെയ്യാനുള്ള കൃപയ്ക്കുവേണ്ടി അമ്മ തിരുക്കുമാരനോടു മാധ്യസ്ഥ്യം അപേക്ഷിക്കണമെ. 1 സ്വർഗ, 10 നന്മ, 1 ത്രിത്വ.

**നാലാം ദിവ്യരഹസ്യം:**

തന്റെ ദിവ്യകുമാരനെ ദൈവാലയത്തിൽ കാഴ്ചവച്ച പരിശുദ്ധ മറിയത്തെ നമുക്ക് ധ്യാനിക്കാം.

ചെറുപ്പം മുതലേ സങ്കീർത്തനങ്ങളും പ്രാർത്ഥനകളും ഉരുവിട്ടുകൊടുത്തുകൊണ്ട് ദിവ്യപൈതലിനെ വളർത്തിയ അമ്മേ, ഞങ്ങളും അമ്മയെപോലെ ദൈവസ്തുതികളും പ്രാർത്ഥനകളും ഉരുവിടാനും ദൈവാലയവുമായി നല്ല ബന്ധം സ്ഥാപിക്കാനും മറ്റുള്ളവരുടെ നന്മപറയാനുമുള്ള കൃപയ്ക്കുവേണ്ടി അമ്മ തിരുക്കുമാരനോടു മാദ്ധ്യസ്ഥ്യം വഹിക്കണമെ.
1 സ്വർഗ, 10 നന്മ, 1 ത്രിത്വ.

**അഞ്ചാം ദിവ്യരഹസ്യം:**

നസ്രത്തിലെ കുടുംബത്തിൽ സ്നേഹത്തിലും ഐക്യത്തിലും പരസ്പരം സഹകരിച്ചു ജീവിച്ച പരിശുദ്ധ മറിയത്തെ നമുക്കു ധ്യാനിക്കാം.

ജീവിതത്തിൽ പ്രതിസന്ധികളും ബുദ്ധിമുട്ടുകളും ഉണ്ടായപ്പോൾ ആരെയും പഴിക്കാതെ ദൈവം നല്കിയ സഹനങ്ങളെയും വേദനകളെയും സ്വീകരിച്ചുകൊണ്ട് ഭൂമിയിൽ സ്വർഗ്ഗം പണിത അമ്മേ, ജീവിതത്തിൽ പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ അവയെല്ലാം ശാന്തമായി നേരിടുവാനും, കുടുംബാംഗങ്ങൾ തമ്മിൽ സ്നേഹത്തിലും ഐക്യത്തിലും ജീവിക്കുവാനും, അങ്ങനെ കുടുംബത്തെ സ്വർഗ്ഗമാക്കുവാനുള്ള കൃപ അങ്ങേ തിരുക്കുമാരനിൽനിന്നും അമ്മേ നീ ഞങ്ങൾക്ക് വാങ്ങിത്തരേണമേ.. 1 സ്വർഗ, 10 നന്മ, 1 ത്രിത്വ.

‘അങ്ങയുടെ സത്യത്തിലേക്ക്
എന്നെ നയിക്കണമേ!
എന്നെ പഠിപ്പിക്കണമേ!
എന്തെന്നാൽ, അങ്ങാണല്ലോ
എന്നെ രക്ഷിക്കുന്ന ദൈവം;
അങ്ങേയ്ക്കുവേണ്ടി ദിവസംമുഴുവൻ
ഞാൻ കാത്തിരിക്കുന്നു’.

**സങ്കീർത്തനം 25:5**



PRATHEEKSHAYUDE POOMOTTUKAL (Malayalam Monthly)
RNI: KERMAL/2014/59983
Published on 24th October 2022

Registered: KL/KTM/72/2021-23
Licence No:KL/CR/KTM/WPP-14/2021-23
Licensed to post without prepayment

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

കർത്താവായ ദൈവമേ, പഴയനിയമത്തിലെ
തെരഞ്ഞെടുക്കപ്പെട്ട ജനത്തിന്റെ സ്ഥാനത്തു നില്ക്കുന്ന
ദൈവജനമായ തിരുസ്സഭയെ തൃക്കൺപാർക്കണമേ.
പകൽ മേഘത്തൂണും രാത്രി അഗ്നിസ്തംഭവുംവഴി
അവരെ നയിച്ചതുപോലെ ഇന്നു ഞങ്ങളുടെ
മനഃസാക്ഷിയെ പ്രമാണങ്ങളുടെ
തണലും വെളിച്ചവും നല്കി
നയിക്കണമേ.

(പള്ളിക്കൂദാശാക്കാലം, ചൊവ്വ, റംശാ)

Printed, Published & Owned by Annamma Kulathupurayidom, Spirituality Centre, Manganam P.O., Kottayam - 686 018; Printed at WiGi Printers, Manganam P.O., Kottayam - 686 018, Ph:0481-2570862, Email: wigipress@gmail.com; Published at Spirituality Centre, Manganam P.O., Kottayam - 686 018, Ph: 9497588192, Email: psmktm@gmail.com
Editor: Fr. Mathew Vellanickal

